ISSUE 04,
DECEMBER 2025

KERALA TIMES

കേരളാ ടൈംസ്

MAGAZINE



ക്രിസ്തുമസ് പ്രത്യേക പതിപ്പ്

SAJ EARTH RESORT & CONVENTION CENTER



SAJ JUNCTION, NEAR COCHIN INTERNATIONAL AIRPORT,
NEDUMBASSERY, COCHIN, KERALA, INDIA – 683572
0484-2611777 sales@sajhotels.com

KERALA TIMES



ഉള്ളടക്കം



CHIEF EDITOR
Latha Paul Karukappillil

MANAGING EDITOR
Paul Karukappillil

EXECUTIVE EDITORS
Reji Kurien
Noah George
Dr. Sam Samuel
Leela Maret

RIGHTS RESERVED
Kerala Times.com

ENQUIRIES
+91 85477 30600
+1 (845) 553-5671 (US)
+91 96458 66437

MAIL US
news@keralatimes.com

VISIT ONLINE
www.keralatimes.com

ADDRESS
G19, Ground Floor, Pioneer Tower, Shanmugam Road, Kochi-31, Kerala, India

പ്രത്യേക പ്പതിപ്പ്

ക്രിസ്തുമസ് 2025

04 **സഹജീവി സ്നേഹവും സമത്വവും സന്ദേശമാക്കിക്കൊണ്ട് അശരണർക്ക് ഒരു കൈത്താങ്ങായിത്തീരുവാൻ ഈ ക്രിസ്തുമസും പുതുവത്സരവും വഴിയൊരുക്കട്ടെ .....**
പോൾ കറുകപ്പിള്ളിൽ
മാനേജിംഗ് ഡയറക്ടർ, കേരള ടൈംസ്

06 **ഓർമ്മക്കുറിപ്പ്**
ലത പോൾ കറുകപ്പിള്ളിൽ

09 **പറയിപെറ്റ പന്തിരുകുലം**

14 **ലൈഫ് ഈസ് ബ്യൂട്ടിഫുൾ ..**

16 **ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ തുറന്ന സംഭാഷണത്തിന്റെ പ്രാധാന്യം എങ്ങനെ വിലയിരുത്താം!**
ഫിലിപ്പ് മാരേട്ട്

22 **പുരാതനമായ പിറവം വലിയപള്ളി വിശുദ്ധ രാജാക്കളുടെ നട**
എ.സി.ജോർജ്

23 **ക്രിസ്മസ് മുഖമുദ്രകൾ**

25 **കരുണ പിറന്ന രാത്രി**
നോബി പോൾ

27 **ശ്മശാനഭൂമിയുടെ ഓർമ്മപ്പെടുത്തലുകൾ**
പി പി ചെറിയാൻ

സഹജീവി സ്നേഹവും സമത്വവും സന്ദേശമാക്കിക്കൊണ്ട് അശരണർക്ക് ഒരു കൈത്താങ്ങായിത്തീരുവാൻ ഈ ക്രിസ്തുമസും പുതുവത്സരവും വഴിയൊരുക്കട്ടെ .....



പ്രിയ വായനക്കാരേ, ക്രിസ്തുമസ് വീണ്ടും മനുഷ്യഹൃദയങ്ങളെ ഉണർത്തുന്ന ഒരു വിശുദ്ധ നിമിഷമായി നമ്മുടെ മുന്നിലെത്തുന്നു. ദിവസവും മാറുന്ന ലോകത്തിന്റെ തിരക്കിലും കലഹങ്ങളിലും, മനുഷ്യബന്ധങ്ങൾ ദുർബലമാകുന്ന സാഹചര്യങ്ങളിലും, ക്രിസ്തുമസ് നമ്മോട് ചൊല്ലുന്നത് ഒരു നിത്യസത്യമാണ് .

ബെത്ലേഹമിലെ ഒരു സാധാരണ യാതനഗൃഹം. കാറ്റും ചൂടും ഇടകലർന്ന ഒരു രാത്രി. ലോകത്തിന്റെ മഹത്വങ്ങൾ ഒന്നും ഇല്ലാത്ത ഒരു ചെറിയ സ്ഥലം. അവിടെ തന്നെയാണ് സമാധാനത്തിന്റെ സന്ദേശവഹകനായി കുഞ്ഞു യേശു ജനിച്ചത്. മഹത്വത്തിന്റെ അലങ്കാരങ്ങളിൽ അല്ല, ഭദ്രതയും ദാരിദ്ര്യവും കലർന്ന ഏറ്റവും ചെറിയ ഇടങ്ങളിൽ തന്നെ വലിയ പ്രതീക്ഷകൾ പ്രകാശിക്കാമെന്ന് ഈ ജനനം നമ്മെ പഠിപ്പിക്കുന്നു.

ഇന്നും ലോകം ആശങ്കകളുടെയും സംഘർഷങ്ങളുടെയും നടുവിലാണ്. യുദ്ധത്തിന്റെ നിഴലുകൾ നിരപരാധികളുടെ ജീവിതങ്ങളെ ഇരുട്ടിലാഴ്ത്തുമ്പോൾ, പ്രകൃതിദുരന്തങ്ങൾ പ്രാണനാശവും നാശനഷ്ടങ്ങളും വിതയായ്പ്പോഴും, അനിശ്ചിതത്വത്തിൽ കഴിയുന്ന അനേകർക്ക് ഒരു ഒത്താശയാണ് ഈ കാലം. മനുഷ്യ ഹൃദയത്തെ വീണ്ടും കരുതലിന്റെ വഴിയിലേക്ക് തിരിക്കുന്നു.

ക്രിസ്തുമസ് ഓർമപ്പെടുത്തുന്നത് ഒരു ലളിതമായ പക്ഷേ ശക്തമായ സന്ദേശമാണ്—

“നമ്മൾ മറ്റൊരാളുടെ ജീവിതത്തിൽ ഒരു പ്രകാശമായി മാറണം.”

ഈ കാലഘട്ടത്തിൽ സമൂഹത്തിന്റെ യഥാർത്ഥ ശക്തി എന്താണെന്ന് നമുക്ക് കൂടുതൽ വ്യക്തമായി ബോധ്യമാവുന്നു—

കൈത്താങ്ങായി നിൽക്കുന്ന മനസ്സുകൾ, സഹോദരത്വത്തിന്റെ നക്ഷത്രം തെളിയിക്കുന്ന ഹൃദയങ്ങൾ, ഭാരിച്ച ചുമടുകൾ പങ്കുവെയ്ക്കുന്ന മനുഷ്യർ. ഈ എല്ലാ നന്മകളും ഒരുമിച്ചപ്പോൾ ക്രിസ്തുമസിന്റെ പ്രകാശം നമ്മുടെ ഭവനങ്ങളിലും ഹൃദയങ്ങളിലും തെളിയും.

പെരുന്നാൾ അതിന്റെ രൂപത്തിൽ മാത്രമല്ല; മനസ്സിന്റെ ആഴത്തിൽ വെളിച്ചമാകുമ്പോഴാണ് അതിന്റെ മഹത്വം പ്രകടമാവുന്നത്. ഒരു പാവയ്ക്ക് ഒരു അപ്പം, ഒരു രോഗിക്ക് ഒരു വാക്ക്, ഒരു ഒറ്റപ്പെട്ടവന് ഒരു സ്നേഹസ്പർശം—ഇതാണ് ക്രിസ്തുമസിന്റെ യഥാർത്ഥ അർത്ഥം. നമുക്ക് ഇന്ന് അതിലേക്ക് വീണ്ടും തിരികെ പോകാം.

സമൂഹം വേഗത്തിൽ മാറുകയാണ്. സാങ്കേതികവിദ്യയും സോഷ്യൽ മീഡിയയുമെല്ലാം നമ്മെ അടുത്തതുപോലെ കാണിച്ചാലും, ചിലപ്പോൾ നമ്മെ തമ്മിൽ ദൂരെയാക്കിയേക്കാം. ബന്ധങ്ങളുടെ ചൂട് കുറയാതിരിക്കാനായാണ് ക്രിസ്തുമസ് വീണ്ടും നമ്മെ വിളിക്കുന്നത്.

നമ്മുടെ വീടുകളിൽ ചിരിക്കാർന്ന സംഭാഷണങ്ങൾ നിറയട്ടെ.

നമ്മുടെ മനസ്സുകൾ തണുപ്പും വിരസതയും ഒഴിഞ്ഞ് പുതു പ്രതീക്ഷയോടെ നിറയട്ടെ.

ഈ വർഷത്തെ ക്രിസ്തുമസ് , കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ അനുഭവങ്ങളും പഠനങ്ങളും നമുക്ക് നൽകി. ലോകം പ്രതിസന്ധികൾ കണ്ടു; അതിനൊപ്പം മനുഷ്യർ പരസ്പരം കൈകൊടുത്തു. നമുക്കുണ്ടായ ചെറിയ നന്മകൾ പോലും വലിയൊരു പ്രതീക്ഷയുടെ വിത്തുകളായി മാറിയെന്ന് ഈ കാലം തെളിയിച്ചു.

നമ്മുടെ കുടുംബങ്ങൾ, സമൂഹം, നമ്മുടെ രാജ്യം—all need healing, unity and hope.

ക്രിസ്തുമസ് നമ്മെ അതിലേക്ക് നയിക്കുന്ന വഴിയാണ്.

നമ്മുടെ ഹൃദയം മറ്റൊരാളുടെ വേദന കേൾക്കുന്നിടത്തോളം നമുക്ക് യഥാർത്ഥക്രിസ്തുമസ് ഉണ്ടാകും.

യേശുവിന്റെ ജനനം നമ്മെ പഠിപ്പിക്കുന്ന മഹത്തായ മൂല്യങ്ങൾ—

സഹോദരത്വം, ക്ഷമ, സമാധാനം, ദരിദ്രസേവനം— ഇവയെല്ലാം നമ്മുടെ ജീവിതത്തിൽ വീണ്ടും പുനർ ജ്ജീവിക്കട്ടെ.

പെരുന്നാളിന്റെ വിളക്കുകൾ നമ്മുടെ വീടുകൾ മാത്രം അല്ല, നമ്മൾ ജീവിക്കുന്ന സമൂഹത്തിന്റെ ഇരുണ്ട ഇടങ്ങളും പ്രകാശിപ്പിക്കട്ടെ. ഈ ക്രിസ്തുമസ് നമ്മുടെ ജീവിതങ്ങളിൽ സ്നേഹത്തിന്റെ പുതിയ തുടക്കവും, സമാധാനത്തിന്റെ പുതിയ വഴി, പ്രതീക്ഷയുടെ പുതിയ സ്വപ്നങ്ങൾ നല്കട്ടെ.

“നമ്മുടെ എല്ലാ വായനക്കാർക്കും, സഹപ്രവർത്തകർക്കും, കേരള ടൈംസ് കുടുംബത്തിനുമുള്ള ഹൃദയം നിറഞ്ഞ ക്രിസ്തുമസ് ,പുതുവത്സരാശംസകൾ “



പോൾ കറുകപ്പിള്ളിൽ
മാനേജിംഗ് ഡയറക്ടർ, കേരള ടൈംസ്
പ്രസിഡന്റ്, പ്രവാസി കോൺക്ലേവ് ട്രസ്റ്റ്

PARK FUNERAL CHAPELS

Generations of Dignified Personal Service



SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES, AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.

WWW.PARKFUNERALCHAPELS.COM

GARDEN CITY PARK, NY 11040

T: (516) 747-4300

എന്റെ ഓർമ്മക്കുറിപ്പ്.....

> മരിച്ചിട്ടും മറക്കാതെ
> മറഞ്ഞിട്ടും മായാതെ ,
> മനസ്സിലെന്നുമൊരു
> മഴവില്ലായി
> തെളിയുന്നൊരു
> പ്രിയതാതനുമുഖം
> .....



എന്റെ പ്രിയപ്പെട്ട അപ്പച്ചൻ ; ഞങ്ങളുടെ വീടിന്റെ സ്നേഹദീപം അണഞ്ഞിട്ട് ഒരു ദശാബ്ദത്തിലേറെ ആയിരിക്കുന്നു പത്തു വർഷം കടന്നുപോയെങ്കിലും ഓരോ ദിവസം ചെല്ലുന്തോറും സ്നേഹത്തിന്റെ മൂർദ്ധീ കരണം ആയിരുന്ന എന്റെ പിതാവിന്റെ മുഖം കൂടുതൽ മിഴിവോടെ എന്റെ ഹൃദയ ത്തിൽ നിറഞ്ഞുനിൽക്കുന്നു പ്രിയ അമ്മ ച്ചിയും കഴിഞ്ഞവർഷം ഞങ്ങളെ വിട്ടു പിരിഞ്ഞു .

അപ്പച്ചനും അമ്മച്ചി യ്ക്കും ഞങ്ങൾ നാലു മക്കളായിരുന്നു ഞാൻ മൂത്തയാൾ എനിക്ക് താഴെ ഒരാണും രണ്ടു പെണ്ണും അപ്പച്ച ന്റെയും അമ്മച്ചിയുടെയും വീട്ടിലെ ആദ്യ ത്തെ കൊച്ചുമോൾ ആയതുകൊണ്ട് എ ല്ലാവരുടെയും ലാളനയേറ്റാണ് ഞാൻ വള ർന്നത് അപ്പച്ചന്റെ അപ്പനും അമ്മയും കൊ ച്ചപ്പന്റെ വീട്ടിലും ഞങ്ങളുടെ കൂടെയുമാണ് താമസിച്ചിരുന്നത് .മിഠായി യുമായി വന്ന് അപ്പന്റെ നീട്ടിയുള്ള വല്ലി എടി വല്ലി (ലത) എന്ന വിളിയും അമ്മയുടെ കൈപിടിച്ച് പള്ളിയിലും ബന്ധുവീടുകളിലും ഒക്കെയുള്ള പോക്കും മനസ്സിൽ മായാതെ നിൽക്കുന്നു .


എറണാകുളം കരയിൽ പെരുമ്പാവൂരിന ടുത്ത് മുടക്കരായി എന്ന ചെറു ഗ്രാമത്തിൽ ആണ് ഞാൻ ജനിച്ചത് വിശാലമായ നെൽവയലുകളുടെ കരയിൽ ആയിരുന്നു ഞങ്ങളുടെ വീടും കുടിയും . വീടിനു ചുറ്റും ധാരാളം ഫലവൃക്ഷങ്ങളും പച്ചക്കറി കൃഷികളും ഉണ്ടായിരുന്നു കുടിയുടെ അറ്റത്ത് പാടത്തോട് ചേർന്ന് മീൻ നിറഞ്ഞ കുളം ഉണ്ടായിരുന്നു .

അപ്പച്ചൻ കേരള ട്രാൻസ്പോർട്ട് കോർപ്പ റേഷനിൽ കണ്ടക്ടർ ആയി ജോലി തുടങ്ങി ,സ്റ്റേഷൻ മാസ്റ്റർ ആയിട്ടാണ് വിരമിച്ചത് . എനിക്ക് ഓർമ്മവച്ച കാലം മുതൽ അപ്പച്ചൻ അടങ്ങിയിരിക്കുന്നത് ഞാൻ കണ്ടിട്ടില്ല രാവിലെ 6 മണിക്ക് എഴുന്നേൽക്കും പശു വിനെ കറക്കും പിന്നീട് കുടിയിലൊക്കെ ഒരു നടത്തമാണ് രാത്രിയിൽ കാറ്റത്തും മഴയ ത്തും ഒക്കെ വീണു കിടക്കുന്ന തേങ്ങ, മാങ്ങ, കൊക്കോ, ജാതി , അടയ്ക്ക തുടങ്ങി സകല കായ്കനികളും ഒന്നും രണ്ടും വട്ടമായി വീടിന്റെ ഇറയത്ത് എത്തിക്കും അപ്പോഴേക്കും അമ്മച്ചി ചായ വെച്ചിരിക്കും അമ്മച്ചി വീടിനടുത്തുള്ള തുരുത്തി സ്കൂളിൽ ടീച്ചർ ആയിരുന്നു രാവിലെ 9:30 മണിക്ക് പോകണം അതിനുമുമ്പ് ആറു പേർക്ക് രാവിലെയും ഉച്ചയ്ക്കും ഉള്ള ഭക്ഷണം ഉണ്ടാക്കണം വീട്ടിൽ എന്നും അടുക്കള പണിക്ക് സഹായിക്കുവാൻ ഒരു പണിക്കാരി ഉണ്ടായിരുന്നു രാവിലെ 7 മണി മുതൽ വൈകിട്ട് 6 മണി വരെ ഓരോരോ പണികൾ ചെയ്തു വീട്ടിൽ ഉണ്ടാകും ഞങ്ങളുടെ പഴുക്ക.

അടുക്കളയിലും അപ്പച്ചൻ അമ്മച്ചിയെ സഹായിക്കുന്നത് കണ്ടു കൊണ്ടാണ് ഞങ്ങൾ വളർന്നത് ഞായറാഴ്ച പള്ളിയിൽ കഴിഞ്ഞാൽ ഇറച്ചി വാങ്ങി കൊണ്ടുവന്ന് നുറുക്കി കഴുകി വാരി റെഡിയാക്കി കൊടുക്കും മീൻ വാങ്ങിച്ചാൽ പണിക്കാർ ഇല്ലാത്ത ദിവസമാണെങ്കിൽ നന്നായി കഴുകി മുറിച്ച് ഉപ്പും മുളകും പുരട്ടി വറക്കുവാൻ പാകത്തിന് ആക്കി കൊടുക്കും വൈകിട്ട് ടിവി കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് അച്ചിങ്ങാപയറും മറ്റും പൊളിച്ചു കൊടുക്കും മേരിക്കുട്ടി എന്തു ചെയ്യണം എന്ന് ചോദിച്ചു കൊണ്ട് അമ്മച്ചിയുടെ പുറകെ ഉണ്ടാകും

അപ്പച്ചൻ അവധി ദിവസങ്ങളിൽ മിക്കവാറും പണിക്കാരുടെ കൂടെയാവും കുറച്ച് അധികം പാടവും പുരയിടവും ഉണ്ടായിരുന്നതുകൊണ്ട് വീട്ടിൽ എപ്പോഴും പുറം പണിക്കാർ ഉണ്ടായിരുന്നു ഒരു ചാത്തൻ പുലയനും നാലഞ്ച് പെണ്ണുങ്ങളും സ്ഥിരം പണിക്ക് ഉണ്ടായിരുന്നു നടീൽ,കളപറി ,ചവറ് ഇടൽ , കാട് വെട്ട് , കൊയ്ത്ത് , വയ്ക്കോൽ ഉണക്ക് തുടങ്ങി എന്നും ഒരു മേളം തന്നെ .ഇടയ്ക്ക് പണിക്കാരോട് "ആ പണി ശരിയായില്ല ",അതിന്റെ ഉണക്ക് കൂടിപ്പോയി , ഇത് നഷ്ടപ്പെടുത്തി എന്നൊക്കെ പറഞ്ഞു ചെറു വഴക്കുകൾ പറയുമെങ്കിലും അപ്പച്ചനെ എല്ലാവർക്കും വലിയ കാര്യമായിരുന്നു

ഞങ്ങളുടെ കുടിക്കകത്ത് തന്നെ നെൽ കൃഷി ഉണ്ടായിരുന്നതുകൊണ്ട് കൊയ്ത്ത് അടുക്കാറാകുമ്പോൾ അപ്പച്ചൻ ഞങ്ങൾക്ക് ഒരു കണ്ടം കൊയ്യാനായി മാറ്റിയിടും ഞങ്ങൾ കൊയ്യും കറ്റകെട്ടും മെതിയും ഒക്കെ പണിക്കാർ ചെയ്യും. നെല്ല് വിൽക്കുമ്പോൾ ഞങ്ങൾക്ക് അതിന്റെ വീതം തന്നിരുന്നു കൊയ്ത്തു കഴിഞ്ഞാൽ കറ്റമെതി ഒരു ഉത്സവമാണ് ഞങ്ങൾക്ക് .വീടിന്റെ വടക്കേ മുറ്റം ചാണകം മെഴുകി വൃത്തിയാക്കും ഓരോ പണിക്കാരുടെയും കറ്റകൾ ഓരോ സ്ഥലത്ത് അടക്കി വെച്ചിട്ട് അവർ വീട്ടിൽ പോകും അത്താഴം ഊണ് കഴിഞ്ഞ് രാത്രി എല്ലാവരും തിരിച്ചു വരും . കറ്റ തല്ലുമ്പോൾ പാട്ടുപാടും തമാശ പറയും അപ്പച്ചനും ഞങ്ങളും കൂടെ കൂടും അമ്മച്ചി കട്ടൻ ഉണ്ടാക്കി കൊടുക്കും ഞങ്ങൾ വളരെ ആസ്വദിച്ചിരുന്ന സമയമായിരുന്നു കൊയ്ത്തു കാലം കറ്റ തല്ലുന്ന ഒച്ച കേട്ടാണ് അന്ന് ഞങ്ങൾ ഉറങ്ങുന്നത്.
അത്രതന്നെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന മറ്റൊരു രസകരമായ അനുഭവമാണ് മഴക്കാലത്തുള്ള മീൻപിടുത്തം



മഴവെള്ളം പൊങ്ങുമ്പോൾ തോട്ടിൽ നിന്നും കുളത്തിൽ നിന്നും വന്നു കയറുന്ന മീൻ പാടത്ത് നിറയും തലയിൽ തൊപ്പി പോലെ വെക്കുന്ന വിളക്കും കയ്യിൽ ഒറ്റാലുമായി അപ്പച്ചന്റെ പുറകെ ഞങ്ങൾ മക്കളും ഇറങ്ങും ധാരാളം മീൻ കിട്ടും ഒരാഴ്ച വരെ വീട്ടിലെ ടാങ്കിൽ ഈ മീൻ ചാവാതെ കിടക്കും ആവശ്യത്തിന് എടുത്ത് കറി വയ്ക്കും. ഞങ്ങൾ മക്കൾ എല്ലാവരും അപ്പച്ചനും അമ്മച്ചിയുമൊത്ത് എല്ലാമാസവും ഒരു സിനിമ കാണുവാൻ പോയിരുന്നു .വർഷത്തിൽ കേരളത്തിൽ എവിടേക്കെങ്കിലും എല്ലാവരും കൂടി ഒരു വിനോദയാത്ര ചെയ്തിരുന്നു .ഒന്നോ രണ്ടോ പ്രാവശ്യം പുതു വസ്ത്രങ്ങൾ എടുക്കുവാനും ,സിനിമ ,പാർക്ക്, ഹോട്ടൽ ഭക്ഷണം തുടങ്ങിയവയ്ക്കുമായി എറണാകുളം പോവുകയും പതിവായിരുന്നു

വീട്ടിൽ രണ്ടുമൂന്നു പശുക്കളും കിടാക്കളും ഉണ്ടായിരുന്നു അവധി ദിവസങ്ങളിൽ അവയെ തൊടിയിൽ നിറഞ്ഞു നിന്ന പുല്ല് തീറ്റിക്കുന്നത് എന്റെ ഇഷ്ടവിനോദമായിരുന്നു അതിനോടൊപ്പം വായനയും ഞാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു .

ബി കോം കഴിഞ്ഞു നിൽക്കുമ്പോൾ ആയിരുന്നു എന്റെ വിവാഹം അപ്പച്ചനും അമ്മച്ചിയ്ക്കും ആദ്യത്തെ മരുമകനായി എന്റെ പ്രിയ ഭർത്താവ് പോൾ കറുകപ്പിള്ളിൽ ഞങ്ങളുടെ കുടുംബത്തിൽ എത്തി. മൂത്ത മോൾ ആയതുകൊണ്ട് എനിക്ക് താഴെ കസിൻ കുട്ടികൾ ഒത്തിരി ഉണ്ടായിരുന്നു എന്റെ ഭർത്താവ് എല്ലാവരുടെയും സ്നേഹ സമ്പന്നനായ ചേട്ടൻ ആയി. അപ്പച്ചന് മക്കളും മരുമക്കളും മക്കളായിരുന്നു .

1985 ൽ ഞാൻ ആദ്യമായി അമേരിക്കയിൽ വരുമ്പോൾ ബോംബെ വരെ അപ്പച്ചനും , അമ്മച്ചിയും കൂട്ടിന് ഉണ്ടായിരുന്നു ബോംബെ എയർപോർട്ടിൽ വച്ച് അപ്പച്ചൻ യാത്ര അയക്കുമ്പോൾ എന്റെ നെറുകയിൽ തന്നെ ഉമ്മയുടെ ചൂട് ഇന്നും നിലനിൽക്കുന്നു .

ഞങ്ങളുടെ മക്കൾ ലീപയും ലിപിനും ഉണ്ടായിക്കഴിഞ്ഞ് ആദ്യമായി 1990 ൽ അപ്പച്ചനും അമ്മച്ചിയും അമേരിക്കയിൽ വിസിറ്റിങ്ങിനു വന്നു നാട്ടിൽ ഒരു മിനിറ്റ് പോലും അടങ്ങിയിരിക്കാത്ത അപ്പച്ചന് അമേരിക്കയിലെ കൂട്ടിലിട്ട ജീവിതം പെട്ടെന്ന് മടുത്തു ഒരു വർഷത്തേക്ക് വന്നിട്ട് മൂന്നുമാസം കഴിഞ്ഞിട്ട് തിരിച്ചു പോയി എനിക്ക് പാവൽ, പയർ മുളക് തുടങ്ങി ആദ്യമായി സമ്മർ കൃഷിത്തോട്ടം റെഡിയാക്കി തന്നിട്ടാണ് അപ്പച്ചൻ പോയത് രണ്ടു വർഷത്തിനുള്ളിൽ എന്റെ സഹോദരനെയും വിസിറ്റിംഗ് വിസയിൽ അമേരിക്കയിൽ കൊണ്ട് വന്നു . മൂന്നു വർഷത്തോളം ഞങ്ങളോടോപ്പം ഉണ്ടായിരുന്നു, പിന്നീട് എന്റെ അനുജത്തി ഷെൽബി , ഷിബുവുമായി വിവാഹം കഴിഞ്ഞ് ന്യൂയോർക്കിൽ എത്തിയപ്പോൾ എനിക്ക് കൂട്ടായി എന്ന് പറഞ്ഞ് സന്തോഷിച്ചു

മക്കൾ ഉണ്ടായപ്പോൾ മുതൽ കോളേജിൽ പോകുന്നത് വരെ ഭർത്താവിന്റെ അപ്പനും ,അമ്മയും ഞങ്ങളുടെ കൂടെയായിരുന്നു താമസം അതുകൊണ്ട് ബേബി സിറ്റിംഗ് ഒരു പ്രശ്നമായിരുന്നില്ല ഞാൻ ജോലിക്ക് പോകുമ്പോഴും വീട്ടിൽ ആളുണ്ടായിരുന്നു ഇടയ്ക്ക് ഞങ്ങൾ നാട്ടിൽ പോകുമായിരുന്നു ഞങ്ങളുടെ വീട്ടിൽ എന്റെ സഹോദരൻ സിബിയും ഫാമിലിയും അപ്പച്ചനോടും അമ്മച്ചിയോടും ഒപ്പം ആണ് താമസിച്ചിരുന്നത് .

2010 ലാണ് അപ്പച്ചൻ അവസാനമായി അമേരിക്കയിൽ എത്തിയത് അപ്പോഴേക്കും രോഗബാധിതനായിരുന്നു, രോഗാവസ്ഥയിൽ അപ്പച്ചന്റെയും അമ്മച്ചിയുടെയും എല്ലാ കാര്യങ്ങളും നോക്കിയിരുന്നത് എന്റെ ആങ്ങള സിബി ആയിരുന്നു, ഹൃദയത്തിന്റെ വാൽവ് അടഞ്ഞു പോകുന്ന അവസ്ഥ യായിരുന്നു അതുകൊണ്ട് ഭക്ഷണം ഇറക്കുവാൻ വലിയ ബുദ്ധിമുട്ട് ആയിരുന്നു ഭക്ഷണം കഴിക്കാതെ ആയി അസുഖം കൂടി വന്നു 2015 മെയിൽ രോഗം മൂർച്ഛിച്ചു ഞങ്ങളെല്ലാം നാട്ടിലെത്തി ഇളയ അനിയത്തി ജെസ്സിയും വിദേശത്തായിരുന്നു, ഭക്ഷണം തീരെ ഇല്ല അവസാനം വയറിന്റെ ഒരു ഭാഗം തുളച്ച് കുഴൽ വഴി ഭക്ഷണം കൊടുക്കുവാൻ തീരുമാനിച്ചു, എറണാകുളം ലിസി ആശുപത്രിയിൽ ആണ് അത് ചെയ്തത് . ഹാർട്ട് സർജറി വാർഡ് ആയതുകൊണ്ട് കൂടെ നിൽക്കുന്നയാളെ മാറ്റി നിർത്തുമായിരുന്നില്ല രണ്ടാഴ്ചക്കാലം അപ്പച്ചനെ ശുശ്രൂഷിച്ചുകൊണ്ട് ആ കയ്യിൽ പിടിച്ച് ആ നെറ്റിയിൽ എനിക്ക് അപ്പച്ചൻ തന്ന എല്ലാ ഉമ്മയും തിരിച്ചുകൊടുത്തു ഞാൻ നിന്നു, എന്റെ ജന്മം സഫലമായ ദിനങ്ങൾ ദൈവം എനിക്ക് തന്ന മഹാഭാഗ്യം അപ്പച്ചനെ നോക്കുവാൻ കിട്ടിയ അവസരം എന്റെ മനസ്സ് നിറഞ്ഞുതുളുമ്പുന്നു എപ്പോഴും വേദന കൊണ്ട് രാവും പകലും അപ്പച്ചൻ കരയുമായിരുന്നു പക്ഷേ നല്ല ഉൾബോധം ഉണ്ടായിരുന്നു അപ്പച്ചന്റെ ചെവിയിൽ പ്രാർത്ഥിക്കുമ്പോഴും പാട്ടുപാടുമ്പോഴും കരച്ചിൽ നിർത്തുമായിരുന്നു .

അപ്പച്ചനെ ഡിസ്ചാർജ് ചെയ്ത് വീട്ടിൽ ആക്കിയ ശേഷം ഞാൻ ന്യൂയോർക്കിൽ തിരികെ എത്തി പക്ഷേ ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും വേദനകൾ ഇല്ലാത്ത ലോകത്തേക്ക് അപ്പച്ചൻ കടന്നുപോയി

നാട്ടിൽ തിരിച്ചു പോയി അപ്പച്ചന്റെ സംസ്കാര ചടങ്ങിൽ പങ്കെടുക്കുമ്പോൾ മനസ്സും കണ്ണും നിറഞ്ഞൊഴുകുകയായിരുന്നു അപ്പച്ചനൊപ്പം ചിലവഴിക്കാൻ തന്ന നാളുകൾക്കായി ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ട്....

അപ്പച്ചന്റെ മരണശേഷം അഞ്ചു വർഷത്തോളം അമ്മച്ചി ഞങ്ങൾ മക്കളോടൊപ്പം അമേരിക്കയിൽ ആയിരുന്നു കിഡ്നി സംബന്ധമായ അസുഖമായിരുന്നു ആഴ്ചയിൽ മൂന്ന് ഡയാലിസിസ് അവസാന നാളുകളിൽ ശാരീരിക അസ്വസ്ഥതകൾ മൂലം കിടപ്പിലായിരുന്നു ആറുമാസത്തോളം വിവിധ ആശുപത്രികളിൽ രാവും പകലും അമ്മച്ചിയോടൊപ്പം മാറി മാറി നിന്ന് ശുശ്രൂഷിച്ച മക്കൾക്കും കൊച്ചുമക്കൾക്കും മനസ്സ് നിറഞ്ഞു പറയാം ഞങ്ങളുടെ അമ്മച്ചിക്ക് രോഗാവസ്ഥയിൽ സന്തോഷം പകരുവാൻ കഴിഞ്ഞുവെന്ന് .

അസഹ്യമായ മുട്ടുവേദന കൊണ്ട് അമ്മച്ചിക്ക് നടക്കുവാൻ വളരെ പ്രയാസമായിരുന്നു . പള്ളിയിലും, ഡയാലിസിസിനും ഒക്കെ പോകുമ്പോൾ അമ്മച്ചിയുടെ കൈപിടിച്ച് ഏറ്റവും കൂടുതൽ നടത്തുവാനും അമ്മച്ചിയുടെ അടുത്ത് പോയിരുന്ന് ലോക വിശേഷങ്ങൾ പറയുവാനും അസുഖ വിവരങ്ങൾ അന്വേഷിക്കുവാനും പല തിരക്കുകൾക്കിടയിലും സമയം കണ്ടെത്തിയിരുന്ന എന്റെ ഭർത്താവിനോട് ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു

ആങ്ങളയുടെ വീട്ടിൽ എല്ലാവരും ജോലിക്കു പോകു മ്പോൾ അമ്മച്ചിയുടെ ഏതാവ ശ്യത്തിനും ജോലിക്കിടയിലും ഓടിയെ ത്തിയിരുന്ന എന്റെ മോളുടെ സ്നേഹ വായ്പ്പ് അമ്മച്ചിക്ക് ഏറെ പ്രിയമായിരുന്നു . ആശു പത്രി വാസം കഴിഞ്ഞ് ആറുമാസ ത്തോളം എന്റെ അനിയത്തി ഷെൽബിയും കുടുംബ വുമാണ് അമ്മച്ചിയെ ശുശ്രൂഷിച്ചത് മരണ ത്തിന് മുമ്പുള്ള കുറച്ചു നാളുകൾ അമ്മച്ചി യുടെ മൂത്ത ആങ്ങളയുടെ വീട്ടിൽ ബന്ധു മിത്രാദികളെ ഒക്കെ കണ്ട് സന്തോഷി ക്കുവാ നും അമ്മച്ചിക്ക് അവസരം ഉണ്ടായി .

"പ്രായമായ മാതാപിതാക്കളുടെ രോഗാ വസ്ഥയിൽ പ്രത്യേകിച്ചും പരസഹായ മില്ലാതെ ഒന്നും ചെയ്യാനാവാതെ ഒരു മുറിക്കുള്ളിലെ നാലു ചുവരുകൾ ക്കിട യിൽ ആരുടെയെങ്കിലും കാലൊച്ച കേൾക്കുന്നുണ്ടോ എന്ന് ചെവിയോർ ത്ത് സ്വന്തം വിധിയെപഴിച്ച് ശൂന്യതയി ലേക്ക് നോക്കിയുള്ള കിടപ്പ് എത്ര ദുസ്സഹമാണെന്നു അനുഭവി ച്ചിട്ടുള്ള വർക്കേ അറിയൂ " .അവരുടെ മുറിയുടെ വാതിലിനു മുൻപിലൂടെ പോകുമ്പോൾ ഒരു നിമിഷം അക ത്തോട്ടു കയറി അമ്മച്ചി അപ്പച്ചാ എങ്ങനുണ്ട് എന്ന് ചോദിച്ചു ആ നെറ്റിയിൽ ഒന്ന് തലോടി അവരുടെ കൈപിടിച്ചു ഒന്നടു ത്തി രുന്നാൽ അത് മതി അവരുടെ മന സിന് സന്തോഷം പകരാൻ .നമ്മുടെ യൊക്കെ അന്ത്യം ഏതു രീതിയി ലാണെ ന്നു നമുക്കറിയില്ല."

അപ്പച്ചനും അമ്മച്ചിയും കാലയവനി കക്കുള്ളിൽ മറഞ്ഞതോടെ ജനിച്ചുവളർന്ന വീടും ഞങ്ങൾക്ക് അന്യമായത് പോലെ തോന്നുന്നു . അപ്പച്ചന്റെ സ്നേഹോ ഷ്മള മായ സംസാരവും ,കളി തമാശക ളും,എടി മോനെ ,മോളെ എന്ന വിളിയും ,അമ്മ ച്ചിയുടെ സ്നേഹാധിക്ക്യവും നിറഞ്ഞു നിന്നിരുന്ന ഞങ്ങളുടെ വീട് ഇപ്പോൾ മൂകമാണ് .വീട്ടിലെ ബന്ധുക്കളും, കൂട്ടുകാരു മൊത്തുള്ള കൂടിച്ചേരലും അവസാനിച്ചു . ഓരോ പ്രാവശ്യവും നാട്ടിലെത്തുമ്പോഴും തിരികെ പ്പോരുമ്പോഴും നിറുകെയിൽ തന്നിരുന്ന വാത്സല്യം നിറഞ്ഞ ഉമ്മയുടെ ചൂട് അപ്പച്ചൻ കൂടെയുണ്ടെന്നുള്ള സംരക്ഷണ വലയമായി എന്നും എന്റെ ചുറ്റുമുണ്ട് .

"ഒരു വട്ടം കൂടിയെന്നോർമകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം
തിരുമുറ്റത്തൊരു കോണിൽ
നിൽക്കുന്നൊരാനെല്ലി
മരമൊന്നുലുത്തുവാൻ മോഹം.
തൊടിയിലെ കിണർവെള്ളം കോരിക്കുടിച്ചെന്തു
മധുരമെന്നോതുവാൻ മോഹം
എന്തു മധുരമെന്നോതുവാൻ മോഹം"

ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകൾക്ക് വിട.....



ലത പോൾ കറുകപ്പിള്ളിൽ

പറയിപെറ്റ പന്തിരുകുലം



പിതാവ് : വരരുചി,മാതാവ് : പഞ്ചമി,മക്കൾ:- മേഴത്തോൾ അഗ്നിഹോത്രി,രജകൻ,ഉളിയന്നൂർ തച്ചൻ, വള്ളോൻ, വടുതലനായർ, കാരയ്ക്കൽ മാതാ,ഉപ്പുകോട്ടൻ,തിരുവരങ്കം പാണനാർ, നാറാണത്തുഭ്രാന്തൻ, അകവൂർ ചാത്തൻ, പാക്കനാർ ,വായില്ലാക്കുന്നിലപ്പൻ

ഐതിഹ്യപ്രകാരം വിക്രമാദിത്യന്റെ സദസ്സിലെ മുഖ്യപണ്ഡിതനായ വരരുചി എന്ന ബ്രാഹ്മണനു് സമുദായത്തിൽപ്പെട്ട ഭാര്യയിലുണ്ടായ പന്ത്രണ്ടു് മക്കളാണു് പറയിപ്പെറ്റ പന്തിരുകുലം. സമൂഹത്തിലെ വിവിധ ജാതിമതസ്ഥർ എടുത്തു വളർത്തിയ പന്ത്രണ്ടുകുട്ടികളും അവരുടെ കർമ്മ മണ്ഡലങ്ങളിൽ അതിവി ദഗ്ദ്ധരും ദൈവ ജ്ഞരായിരുന്നുവെന്നും ഐതി ഹ്യകഥകൾ പറയുന്നു. എല്ലാവരും തുല്യരാണെന്നും സകല ജാതിമതസ്ഥരും ഒരേ മാതാപിതാക്കളുടെ മക്കളാണെന്നുമുള്ള മഹത്തായ സന്ദേശമാണ് ഈ ഐതിഹ്യം നൽകു ന്നത്. കഥ ഉജ്ജയി നിയിലെ (മധ്യപ്രദേശ്) രാജാ വായിരുന്ന വിക്രമാദിത്യന്റെ സദസ്സിലെ പണ്ഡിത ശ്രേഷ്ഠനായിരുന്നു വരരുചി എന്ന ബ്രാഹ്മണൻ. എ.ഡി. മൂന്നാം നൂറ്റാണ്ടിലാണ് വരരുചി ജീവിച്ചി രുന്നത് എന്നാണ് വിശ്വാസം.

ഒരിക്കൽ വിക്രമാദിത്യമഹാരാജാവ് തന്റെ സദസ്സിലെ പണ്ഡിതരോടായി "രാമായ ണത്തിലെ ഏറ്റവും ശ്രേഷ്ഠമായ ശ്ലോകം ഏതാണ്?" എന്ന ചോദ്യം ചോദിച്ചു. പണ്ഡിത ശ്രേഷ്ഠനായ വരരുചിക്കും അതിനുള്ള ഉത്തരം കണ്ടെത്താനായില്ല. അദ്ദേഹം കൂടുതൽ സമയം ആവശ്യപ്പെട്ട്, ഉത്തരം കണ്ടെത്താനായി യാത്രതുടങ്ങി. വിക്രമാദിത്യൻ വരരുചിക്ക് ഉത്തരം കണ്ടെത്താനായി 41 ദിവസത്തെ അവധി നൽകി. നാല്പതാം ദിവസം വനത്തിലൂടെയുള്ള യാത്രാമദ്ധ്യേ, അദ്ദേഹം ഒരു ആൽമരച്ചുവട്ടിലിരിക്കേ ഉറങ്ങിപ്പോയി. ഉറങ്ങുന്നതിനു മുൻപ് വനദേവതമാരോട് പ്രാർത്ഥിച്ചാണ് കിടന്നത്. വരരുചിയുടെ ഭാഗ്യത്തിന് ആൽമരം വനദേവതമാരുടെ വീടായിരുന്നു. അവർ കൂട്ടുകാർ അടുത്തുള്ള പറയി വീട്ടിൽ പ്രസവത്തിനു പോകാനായി കൂട്ടുകാരായ ദേവതമാർ വിളിച്ചിട്ടും പോവാതെ വരരുചിക്ക് കൂട്ട് ഇരുന്നു. വരരുചി ഉണർന്നപ്പോഴേക്കും പ്രസവത്തിനു പോയിരുന്നവർ വന്നിരുന്നു വനദേവതമാരോട് സംസാരിക്കുന്നത് കേൾ ക്കാനിടയായി.

ആ പറയുകുണ്ടായ പെൺകുഞ്ഞിന്റെ ഭാവി ഭർത്താവായിരിക്കും എന്ന കൂട്ടുകാരുടെ ചോദ്യത്തിന് “മാം വിദ്ധി” എന്നത് പോലും അറിയാത്ത ഈ വരരുചിയായിരിക്കും എന്നായിരുന്നു വനദേവതമമാർ പറഞ്ഞത്. രാമായണം, അയോദ്ധ്യാകാണ്ഡത്തിലെ “ രാമം ദശരഥം വിദ്ധി, മാം വിദ്ധി ജനകാത്മജാം അയോദ്ധ്യാമടവീം വിദ്ധി, ഗച്ഛ തഥാ യഥാ സുഖം ” എന്ന ശ്ലോക ത്തെപ്പറ്റിയായിരുന്നു വനദേവതമാർ പറഞ്ഞത്. ഇതു കേട്ട് സന്തോഷിച്ച വരരുചി വിക്രമാദിത്യ സദസ്സിൽ എത്തുകയും ഈ ശ്ലോകം എട്ടു വിധത്തിൽ വ്യാഖ്യാനിക്കുകയും ചെയ്തു. സുമിത്ര വനവാസത്തിനു മുൻപ് ലക്ഷ്മ ണനെ ഉപദേശിക്കുന്നതാണ് ഈ ശ്ലോകം. രാമനെ ദശരഥനായും, സീതയെ അമ്മ യായും അടവിയെ (വനത്തെ) അയോദ്ധ്യ ആയും കരുതുക എന്നതാണ് ഈ വരിക ളുടെ അർത്ഥം.

ഇതിൽ ഏറ്റവും ശ്രേഷ്ഠമായത് സീതയെ അമ്മയായി കരുതുക "മാം വിദ്ധി ജനകാത്മജാം" എന്ന വരിയാണ്. തന്റെ പ്രശ്നത്തിനു പരിഹാരം ലഭിച്ചെങ്കിലും, വനദേവതമാരുടെ ഭാവി പ്രവചനം കേട്ട് പരി ഭ്രാന്തനായ വരരുചി ആ പെൺ കുഞ്ഞിനെ നശിപ്പിക്കാൻ തീരുമാനിച്ചു. ഈ പെൺകുഞ്ഞ് ജീവിച്ചിരിക്കുന്നത് രാജ്യത്തിന് ആപത്താണ് എന്ന് അദ്ദേഹം വിക്രമാദിത്യ മഹാരാജാവിനെ ധരിപ്പിച്ചു. ഈ ദുരവസ്ഥ ഒഴിവാക്കാനായി ആ പെൺകുഞ്ഞിനെ നെറ്റിയിൽ തീപന്തം തറച്ച് വാഴത്തട (വാഴപ്പിണ്ടി) കൊണ്ടുണ്ടാക്കിയ ചങ്ങാട ത്തിൽ നദിയിലൊഴുക്കിയാൽ മതി എന്ന് നിർദ്ദേശിക്കുകയും ചെയ്തു. രാജകൽ പനപ്രകാരം ഭടന്മാർ വരരുചിയുടെ ഇംഗിതം നടപ്പാക്കി.

അന്യജാതിയിൽ പെട്ട ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുന്നത് ഒഴിവാക്കാൻ വരരുചി തെക്കോട്ട് സഞ്ചരിച്ച് എത്തി. വർഷങ്ങ ൾകഴിഞ്ഞ് തന്റെ യാത്രക്കിടയിൽ വരരുചി ഒരു ബ്രാഹ്മണഗൃഹത്തിലെത്തി. ആതിഥേയൻ അദ്ദേഹത്തെ പ്രാതലിനു ക്ഷണി ക്കുകയും പ്രാതൽ കഴിക്കുകയും ചെയ്തു. വരരുചി സ്നാനത്തിനായി പുറപ്പെടുകയും ചെയ്തു. കുളിക്കാൻ പോകുന്നതിനു മുൻപായി ആ ബ്രാഹ്മണന്റെ ബുദ്ധിശക്തി ഒന്നു പരീക്ഷിക്കാൻ തീരുമാനിച്ച വരരുചി കുറേ ആവശ്യങ്ങൾ മുന്നോട്ടുവച്ചു. കുളിക ഴിഞ്ഞപ്പോൾ തനിക്കു വീരാളിപ്പാട്ട് വേണം എന്നതായിരുന്നു ഒന്നാമത്തെ ആവശ്യം. അതിനുപുറമേ കഴിക്കുന്നതിനു മുൻപായി നൂറു പേർക്ക് ഭക്ഷണം നൽകണമെന്നും, ഭക്ഷണ ത്തിന് നൂറ്റൊന്നു കറിയുണ്ടാവണമെന്നും, ഭക്ഷണം കഴിഞ്ഞാൽ തനിക്കു മൂന്നു പേരെ തിന്നണമെന്നും, അതുകഴിഞ്ഞാൽ നാലുപേർ തന്നെ ചുമക്കണമെന്നും വരരുചി ആവശ്യപ്പെട്ടു.

വ്യവസ്ഥകൾ കേട്ട് സ്തബ്ധനായി നിന്ന ബ്രാഹ്മണനോട് വ്യവസ്ഥകൾ അംഗീക രിച്ചിട്ടുണ്ടെന്നും കുളി കഴിഞ്ഞപ്പോഴേയ്ക്കും എല്ലാം തയ്യാറാക്കാം എന്നും പറയാനായി ഇതു കേട്ടു ഉള്ളിൽ നിന്നിരുന്നു അദ്ദേഹത്തിന്റെ പുത്രി ആവശ്യപ്പെട്ടു. വളരെ ബുദ്ധിമതിയായ ആ യുവതിക്ക് വരരുചിയുടെ ആവശ്യങ്ങൾ മനസ്സി ലായി. വീരാളിപ്പട്ടു വേണമെന്നു പറഞ്ഞതിന്റെ സാരം ചീന്തൽകോണകം വേണമെന്നാണ്. നൂറു പേർക്കു ഭക്ഷണം കൊടുക്കണമെന്നു പറഞ്ഞ തിന്റെ സാരം അദ്ദേഹത്തിനു വൈശ്വദേവം (വൈശ്യം) കഴിക്കണം. വൈശ്യം കൊണ്ടു നൂറു ദേവതമാരുടെ പ്രീതിയുണ്ടാകുന്ന കാരണം അങ്ങനെ പറഞ്ഞത്. പിന്നെ നൂറുകൂട്ടാൻ പറ ഞ്ഞതിന്റെ സാരം ഇഞ്ചിക്കറി വേണമെന്നാണ്. ഇഞ്ചിക്കറി ഉണ്ടായാൽ നൂറുകൂട്ടം കൂട്ടാന്റെ ഫലമുണ്ടെന്നാണ് വെച്ചിരിക്കുന്നത്. പിന്നെ അദ്ദേഹത്തിനു മൂന്നുപേരെ പറയണമെന്നു പറ ഞ്ഞതിന്റെ സാരം വെറ്റില, അടയ്ക്ക, ചുണ്ണാമ്പ് എന്നിവ കൂട്ടി മുറുക്കണമെന്നാണ്. പിന്നെ അവനെ നാലുപേരു ചുമക്കണമെന്നു പറ ഞ്ഞതിന്റെ സാരം കഴിഞ്ഞാൽ കുറച്ചു കിട ക്കണം. അതിനൊരു കട്ടിലു വേണം എന്നാ ണെന്നും യുവതി അച്ഛനു വിവരിച്ചുകൊടുത്തു.

യുവതിയുടെ ബുദ്ധിസാമർത്ഥ്യത്തിൽ ആകൃഷ്ടനായ വരരുചി അവളെ വിവാഹം കഴിക്കുകയും യുവതിയുടെ പിതാവ് ആ ആഗ്രഹം നടത്തുകയും ചെയ്തു.നാളുകൾക്കു ശേഷം വരരുചി തന്റെ ഭാര്യയുടെ നെറ്റിയിൽ ഒരു മുറിവിന്റെ പാട് കാണാനിടയായി. പിന്നിലെ കഥയെപ്പറ്റി ചോദിച്ച വരരുചിക്ക്, ആ യുവതി ആ ബ്രാഹ്മണന്റെ സ്വന്തം പുത്രിയല്ലെന്നും അവളെ അദ്ദേഹം എടുത്തുവളർത്തിയതാണെന്നും മനസ്സിലായി.

അപ്പോൾ വരരുചി പഴയ കഥകൾ ഓർമ്മിക്കുകയും വനദേവതമാരുടെ പ്രവചനം ശരിയായി മനസ്സിലാക്കുകയും പ്രവചനം ശരിയായി എന്ന് മനസ്സിലാക്കുകയും ചെയ്തു. സ്വന്തമായി സമുദായത്തിൽ നിന്ന് ഭ്രഷ്ട് കൽപ്പിച്ച വരരുചി താൻ ചെയ്ത പാപങ്ങൾക്കു പ്രായശ്ചിത്തമായി പത്നിയോടൊത്ത് തീർഥയാത്രയ്ക്കൂ പോകാൻ തീരുമാനിച്ചു.

ഈ യാത്രയ്ക്കിടയിൽ വരരുചിയുടെ ഭാര്യ ഗർഭിണിയാകുകയും ഒരു കുട്ടിയെ പ്രസവിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞ വരരുചി കുട്ടിക്കു വായ ഉണ്ടോ എന്നു ചോദിക്കുകയും ഭാര്യ ഉണ്ട് എന്നു മറുപടി നൽകുകയും ചെയ്തു. എന്നാൽ കുട്ടിയെ അവിടെ ഉപേക്ഷിച്ച് പോകാം എന്നായിരുന്നു വരരുചിയുടെ നിർദ്ദേശം. തന്റെ ആദ്യ ശിശുവിനെ ഉപേക്ഷിക്കാൻ മടിച്ചുനിന്ന ഭാര്യയോട്, വായ കീറിയ ഈശ്വരൻ വായ്ക്ക് ഇരയും കൽപിച്ചിട്ടുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

യാത്രയിൽ വരരുചിക്കും പത്നിക്കുമായി വീണ്ടും കുട്ടികൾ ജനിച്ചു. ഇതേ പ്രവൃത്തി അവരുടെ പതിനൊന്നാമത്തെ കുട്ടിയുടെ കാര്യത്തിൽ വരെ ആവർത്തിക്കപ്പെട്ടു. അതിനാൽ ഇനിയുള്ള കുട്ടിയെ നഷ്ടപ്പെടരുത് എന്ന ആഗ്രഹത്തിൽ, കുട്ടിക്കു വായുണ്ടോ എന്ന ചോദ്യത്തിന് ആ അമ്മ ഇല്ല എന്നു മറുപടി നൽകി. എന്നാൽ കുട്ടിയെ എടുത്തോളൂ എന്ന് വരരുചി നിർദ്ദേശിച്ചു. വരരുചിയുടെ പത്നിയുടെ പാതിവൃത്യത്തിന്റെ ശക്തിയാൽ അത്ഭുതകരമായി ആ കുട്ടിയുടെ വായ അപ്രത്യക്ഷമായി. ആ ശിശുവിനെ വരരുചി ഒരു മലയുടെ മുകളിൽ പ്രതിഷ്ഠിക്കുകയും അവൻ പിന്നീടു "വായില്ലാക്കുന്നിലപ്പൻ" എന്ന് അറിയപ്പെടുകയും ചെയ്തു.

ഈ സന്തതിപരമ്പരയിലെ ബാക്കി പതിനൊന്നു കുട്ടികളേയും സമൂഹത്തിന്റെ പല തട്ടുകളിലുള്ള വ്യക്തികൾ എടുത്തുവളർത്തി. ബ്രാഹ്മണനായ വരരുചിക്കും പറയ സമുദായത്തിൽ ജനിച്ച അദ്ദേഹത്തിന്റെ ഭാര്യയ്ക്കും ജനിച്ച സന്തതിപരമ്പരയാണ് പറയിപെറ്റ പന്തിരുകുലം എന്ന് അറിയപ്പെടുന്നത്.



15 ഡോളർ കടം തീർക്കാൻ തുടങ്ങിയ പരീക്ഷണം, പിറന്നത് ശതകോടികളുടെ സാമ്രാജ്യം; അനുഭവിക്കാൻ യോഗമില്ലാതെ പോയ പ്രതിഭ



1849 ലെ ഒരു ദിനം.... ന്യൂയോർക്കിലെ തന്റെ ചെറിയ വർക്ക്ഷോപ്പിൽ വാള്ട്ടർ ഹണ്ട് ആകെ അസ്വസ്ഥനായി ഇരിക്കുകയായിരുന്നു.

ഒരു വശത്ത് പുതിയ എന്തെങ്കിലും നിർമ്മിക്കണമെന്ന ശാസ്ത്രജ്ഞന്റെ ആവേശം, മറുവശത്ത് 15 ഡോളറിന്റെ കടം വീട്ടണമെന്ന സുഹൃത്തിന്റെ സമ്മർദ്ദം. അന്നത്തെ കാലത്ത് അതൊരു വലിയ തുക തന്നെയാണ്. എങ്ങനെയെങ്കിലും ഈ കടം വീട്ടാൻ പുതിയതായി എന്തെങ്കിലും ഒന്ന് നിർമ്മിക്കണമെന്ന ചിന്തയില് അദ്ദേഹം തന്റെ കയ്യിലിരുന്ന എട്ട് ഇഞ്ച് നീളമുള്ള ഒരു പിച്ചള കമ്പി കഷ്ണം വെറുതെ വളച്ചുകൊണ്ടിരുന്നു.

ആ സമയത്ത് വസ്ത്രങ്ങള് കൂട്ടിയിണക്കാൻ ഉപയോഗിച്ചിരുന്ന സാധാരണ പിന്നുകൾ (Straight pins) വലിയൊരു ശല്യമായിരുന്നു. അവ ശരീരത്തില് കുത്തി മുറിവേല്പ്പിക്കുന്നത് പതിവായിരുന്നു. കമ്പി കഷണത്തിൽ വിരലുകൾ ചലിക്കുന്നതിനിടയിൽ ഹണ്ടിന്റെ ഉള്ളില് ഒരു മിന്നല്പ്പിണർ പോലെ ആ ആശയം ഉദിച്ചു. മൂന്ന് മണിക്കൂർ നേരത്തെ കഠിനമായ പരിശ്രമത്തി നൊടുവിൽ , അദ്ദേഹം ആ പിച്ചള കമ്പിയെ വിസ്മയിപ്പിക്കുന്ന ഒരു രൂപത്തിലേക്ക് മാറ്റിയെടുത്തു.

കമ്പിയുടെ ഒരറ്റത്ത് വസ്ത്രത്തില് കുത്താൻ പാകത്തിന് മൂർച്ച കൂട്ടുകയും, മറ്റേ അറ്റത്ത് വിരലുകളിൽ കുത്താത്ത രീതിയിലുള്ള ഒരു സ്പ്രിംഗും ലോക്കും (Clasp) അദ്ദേഹം ഘടിപ്പിച്ചു. ലോകം ഇന്നും ഉപയോഗിക്കുന്ന ആധുനിക സേഫ്റ്റി പിന്നിന്റെ ആദ്യ രൂപമായിരുന്നു അത്. തന്റെ ഈ കണ്ടുപിടുത്തത്തിന് 1849 ഏപ്രില് 10-ന് വാള്ട്ടർ ഹണ്ട് പേറ്റന്റ് കരസ്ഥമാക്കി. തന്റെ മുന്നിലുള്ള ആ 15 ഡോളറിന്റെ കടം ഉടൻ തീർക്കണമെന്ന തിരക്കിലായിരുന്നു അദ്ദേഹം. ശാസ്ത്രീയമായ ബുദ്ധി അദ്ദേഹത്തിനു ണ്ടായിരുന്നെങ്കിലും കച്ചവടക്ക ണ്ണുകൾ അദ്ദേഹത്തി നില്ലായിരുന്നു വെന്നതാണ് യാഥാർത്ഥ്യം. അധികം വൈകാതെ, 'ഡബ്ല്യു ആർ ഗ്രേസ് ആൻഡ് കമ്ബനി' എന്ന സ്ഥാപനത്തിന് അദ്ദേഹം തന്റെ പേറ്റന്റ് വിറ്റു. എത്ര തുകയ്ക്കെന്നറിയാമോ? വെറും 400 ഡോളറിന്! തന്റെ സുഹൃത്തിന് നല്കാനുള്ള കടം വീട്ടാനും ബാക്കിയുള്ള പണം കൊണ്ട് മറ്റ് പരീക്ഷണങ്ങള് നടത്താനും ആ തുക മതിയെന്ന് അദ്ദേഹം അന്ന് വിശ്വസിച്ചു.




എന്നാൽ അവിടെയായിരുന്നു ചരിത്രത്തിലെ ഏറ്റവും വലിയ ആ 'Wow Factor' ഒളിഞ്ഞിരിക്കുന്നത്. വാള്ട്ടർ ഹണ്ടിന്റെ കയ്യിൽ നിന്ന് 400 ഡോളറിന് ആ പേറ്റന്റ് വാങ്ങിയ കമ്ബനി പിന്നീട് നേടിയത് കോടാനുകോടി ഡോളറുകളാണ്. ഒരുപക്ഷേ വാള്ട്ടർ ആ പേറ്റന്റ് വില്ക്കാതെ സ്വന്തമായി ബിസിനസ്സ് ചെയ്തിരുന്നെങ്കില്, ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ശതകോടീശ്വരന്മാരുടെ പട്ടികയില് അദ്ദേഹത്തിന്റെ പേരും ഉണ്ടായേനെ. തന്റെ കണ്ടുപിടുത്തം ലോകമെമ്ബാടുമുള്ള വീടുകളിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറുന്നത് വാള്ട്ടർ കണ്ടുനിന്നു, പക്ഷേ അതിന്റെ ലാഭം മുഴുവൻ കൊയ്തത് മറ്റാരൊക്കെയോ ആയിരുന്നു.

ഇന്നത്തെ കാലത്ത് ആലോചിച്ചു നോക്കൂ, ഒരു സേഫ്റ്റി പിന്നില്ലാത്ത ഒരു വീട് പോലുമില്ല. ഫാഷൻ ലോകം മുതൽ സാധാരണക്കാരന്റെ ദൈനംദിന ആവശ്യങ്ങള് വരെ സേഫ്റ്റി പിന്നിനെ ആശ്രയിക്കുന്നു. ഒരു ചെറിയ സ്പ്രിംഗിലൂടെ ലോകത്തിന്റെ സുരക്ഷ ഉറപ്പാക്കിയ വാള്ട്ടർ ഹണ്ട്, പക്ഷേ തന്റെ സാമ്ബത്തിക സുരക്ഷ ഉറപ്പാക്കാൻ മറന്നുപോയി. ഇന്ന് സേഫ്റ്റി പിൻ വ്യവസായം ശതകോടികളുടെ ബിസിനസ്സാണ്. വാള്ട്ടർ ഹണ്ടിന്റെ പേര് ചരിത്രപുസ്തകങ്ങളില് ഒരു വരിയിൽ ഒതുങ്ങുമ്ബോഴും, അദ്ദേഹം 400 ഡോളറിന് പണയം വെച്ചത് വരും തലമുറകളുടെ കോടിക്കണക്കിന് ലാഭമായിരുന്നു.

ദാരിദ്ര്യത്തില് നിന്ന് രക്ഷപ്പെടാൻ അദ്ദേഹം കണ്ടെത്തിയ വഴി അദ്ദേഹത്തെ സാമ്ബത്തികമായി രക്ഷിച്ചില്ലെങ്കിലും, മനുഷ്യരാശിയുടെ ഒരു വലിയ പ്രശ്നത്തിന് എന്നെന്നേക്കുമായി പരിഹാരം കണ്ടു. ഇന്നും ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിൽ ഒരു പട്ടുസാരിയിലോ കുട്ടിയുടെ വസ്ത്രത്തിലോ ആ ചെറിയ ലോഹക്കഷ്ണം തിളങ്ങുമ്ബോഴെല്ലാം, അവിടെ വാള്ട്ടർ ഹണ്ട് എന്ന ആ ദൗർഭാഗ്യവാനായ പ്രതിഭയുടെ ബുദ്ധി തിളങ്ങുന്നുണ്ട്.







ലൈഫ് ഈസ് ബ്യൂട്ടിഫുൾ ..

ഈ ചിത്രം ലോകപ്രശസ്തമാണ്.. ഒരു കുട്ടിയുടെ അതിജീവനത്തിന്റെ കഥയാണിത്.. 1948-ൽ, ഏഴ് വയസ്സ് പ്രായമായപ്പോൾ, അവൻ ഒരു അമേരിക്കൻ പത്രപ്ര വർത്തകന്റെ മുന്നിൽ നിന്നു. തടവുകാരുടെ വരകളുള്ള യൂണിഫോം അപ്പോഴും അവൻ ധരിച്ചിരുന്നു. ശരീരം ചെറുതും ക്ഷീണി തവുമായിരുന്നു. എന്നാൽ ഇരുട്ടിലൂടെ കടന്നു പോയി തിരികെ വന്ന ഒരാളുടെ ശക്തി അവന്റെ കണ്ണുകളിൽ തെളിഞ്ഞിരുന്നു.

അവന്റെ ചിത്രം ലോകമെമ്പാടും പ്രചരിച്ചു — ജീവൻ നിലനിൽപ്പിന്റെയും പ്രത്യാശയുടെയും പ്രതീകമായി.അവന്റെ പേര് ജോസഫ് ഷ്ലൈഫ്സ്റ്റീനെ (Joseph Schleifstein)..

അവൻ 1941 മാർച്ച് 7ന് പോളണ്ടിലെ സാൻഡോമിയേഴ്സിന് സമീപമുള്ള ജൂത ഗെറ്റോയിൽ, ഇസ്രായേലും, എസ്തർ ഷ്ലൈ ഫ്സ്റ്റീനും ദമ്പതികളുടെ മകനായി ജനിച്ചു. 1942 ജൂണിൽ നാസികൾ ആ ഗെറ്റോ ഒഴിപ്പിക്കപ്പെടുന്നതുവരെ കുടുംബം അവിടെ താമസിച്ചു. തുടർന്ന് അവർ ചെൻസ്റ്റോഖോവ ഗെറ്റോയിലേക്ക് മാറ്റപ്പെട്ടു. അവിടെ അദ്ദേഹ ത്തിന്റെ മാതാപിതാക്കളെ HASAG ഫാക്ടറി യിൽ ജോലി ചെയ്യാൻ നിയോഗിച്ചു.
നാസി കാവൽക്കാർ തൊഴിൽ ചെയ്യാൻ കഴി യാത്തതിനാൽ “ഉപയോഗശൂന്യർ” എന്നു കണക്കാക്കിയ കുട്ടികളെ പിടിച്ചുകൊണ്ടു പോയി ഓഷ്വിറ്റ്സ് ഗ്യാസ് ചേംബറുകളിലേക്ക് അയച്ച് കൊലപ്പെടുത്തുന്നതിനാൽ, ജോസഫി ന്റെ മാതാപിതാക്കൾ, രണ്ടു വയസ്സ് മാത്രം പ്രായമുള്ള ആ കുട്ടിയെ സെല്ലാറുകളിൽ ഒളിപ്പിച്ചു.

ഇങ്ങനെ ഇരുണ്ട ഇടങ്ങളിൽ ഒളിച്ചിരുന്ന അനുഭവങ്ങൾ വർഷങ്ങളോളം അദ്ദേഹത്തെ പിന്തുടർന്നു. അവ “ഭീകരമായ ദുസ്വപ്നങ്ങൾ” ഉണ്ടാക്കി, മരണത്തെക്കുറിച്ചുള്ള ഭയവും, ഇരുട്ടിനോടുള്ള ജീവിതകാലം നീളുന്ന ഒരു വിരക്തിയും അദ്ദേഹത്തിൽ വളർത്തി.



1943-ൽ കുടുംബത്തെ ബുചൻവാൾഡ് തടങ്കൽ ക്യാമ്പിലേക്ക് നാടുകടത്തി. ക്യാമ്പി ലെത്തിയപ്പോൾ, ജോസഫിന്റെ മാതാപി താക്കളെ അടിമത്തൊഴിലാളികളാ- യി മാറ്റുന്നതിനായി വലത്തോട്ടുള്ള വരിയിൽ അയച്ചു. എന്നാൽ ജോസഫിനെ ഇടത്തോ ട്ടുള്ള, ചെറുകുട്ടികളും വയോധികരും മറ്റ് വിധത്തിൽ ജോലി ചെയ്യാൻ അയോഗ്യരെന്ന് കണക്കാക്കിയവരുമടങ്ങുന്ന സംഘത്തിലേ- ക്ക് ആണ് അയച്ചത്. ആ സംഘത്തിലെ എല്ലാവരെയും ഉടൻ തന്നെ കൊല്ലാനാ യിരുന്നു തീരുമാനം.മരണം മുന്നിലെത്തിയ ആ നിമിഷത്തിൽ, പിതാവിന്റെ ധീരത ജോസഫിന്റെ ജീവൻ രക്ഷിച്ചു.

ആളുകളെ വരി നിർത്തുന്നതിനിടയിൽ ഉണ്ടായ തിക്കിലും തിരക്കിലും ആരെങ്കിലും ശ്രദ്ധിയ്ക്കുന്നതിനു മുൻപ്, ജോസഫിന്റെ പിതാവ് ഒരു വലിയ ചാക്ക് കണ്ടെത്തി, പൂർണമായ നിശ്ശബ്ദത പാലിക്കണമെന്ന് കടുത്ത മുന്നറിയിപ്പ് നൽകി, രണ്ടര വയ സ്സുള്ള തന്റെ മകനെ അതിനുള്ളിൽ ഒളിപ്പിച്ചു. പിതാവിന്റെ ലെതർ കരകൗശല ഉപകരണങ്ങളും, കുറച്ച് വസ്ത്രങ്ങളും അടങ്ങി യിരുന്ന ആ ചാക്ക്, കാവൽ ക്കാരുടെ ശ്രദ്ധയിൽപ്പെടാതെ ജോസഫിനെ ക്യാമ്പിനുള്ളിലേക്ക് കടത്തിക്കൊണ്ടുവരാൻ സഹായിച്ചു.





ഇടത്തോട്ടു വരി നിരന്നവരൊക്കെയും പിന്നീട് കൊല്ലപ്പെട്ടു.
ജോസെഫിന്റെ മാതാവിനെ ബർഗൻ-ബെൽസൻ തടങ്കൽ ക്യാമ്പിലേക്ക് അയച്ചു.
കുറച്ചു കാലത്തേക്ക്, രണ്ട് ആന്റി-ഫാസിസ്റ്റ് ജർമ്മൻ തടവുകാരുടെ സഹായത്തോടെ, ജോസഫിനെ പിതാവ് ക്യാമ്പിൽ ഒളിപ്പിച്ചു. എന്നാൽ ഒടുവിൽ അവൻ കാവൽക്കാരാൽ കണ്ടെത്തപ്പെട്ടു.

അവന്റെ ഭാഗ്യത്തിന് നാസി കാവൽക്കാർ ആ പിഞ്ചുബാലനോട് സ്നേഹാഭിമുഖ്യം കാണിക്കുകയും, അവനെ ക്യാമ്പിന്റെ ഒരു "മാസ്കോട്ട്" (ഭാഗ്യചിഹ്നം) ആയി പരിഗണിക്കുകയും ചെയ്തു.

സൗമ്യതയുടെ എല്ലാ അടയാളങ്ങളും ഇല്ലാതാക്കാൻ സൃഷ്ടിച്ച ഒരു സ്ഥലത്ത്, അത് അത്യന്തം വിചിത്രവും വിശ്വസിക്കാനാകാത്തതുമായ ഒരു പ്രവൃത്തിയായിരുന്നു അത്.
വസ്ത്രങ്ങളുടെ കടുത്ത ക്ഷാമം കാരണം, ഷ്ലൈഫ്സ്റ്റീനും മറ്റ് കുട്ടികളും ധരിക്കാൻ ഒന്നുമില്ലായിരുന്നു. അതിനാൽ ജർമ്മൻ സൈനികരുടെ യൂണിഫോമുകളിൽ നിന്നാണ് അവർക്കായി വസ്ത്രങ്ങൾ തുന്നിയുണ്ടാക്കിയത്.
അവനായി ചെറുതായൊരു ക്യാമ്പ് യൂണിഫോം തയ്യാറാക്കി, രാവിലെ നടക്കുന്ന റോൾ കോൾ സമയങ്ങളിൽ പങ്കെടുക്കാൻ നിർബന്ധിക്കുകയും ചെയ്തു. അവിടെ അവൻ കാവൽക്കാരനെ അഭിവാദ്യം ചെയ്ത്, "എല്ലാ തടവുകാരും ഹാജരാണു" എന്ന് റിപ്പോർട്ട് ചെയ്യുമായിരുന്നു.

എന്നിരുന്നാലും, ഉയർന്ന നാസി ഉദ്യോഗസ്ഥർ ക്യാമ്പ് സന്ദർശിച്ച് ഔദ്യോഗിക പരിശോധനകൾ നടത്തുമ്പോൾ, ജോസഫിനെ വീണ്ടും ഒളിപ്പിക്കേണ്ടി വന്നിരുന്നു.
ഒരിക്കൽ തന്നെ വധശിക്ഷയ്ക്കായി നിരത്തിയപ്പോൾ, പിതാവിന്റെ ഇടപെടലാണ് അവനെ രക്ഷിച്ചതെന്ന് ജോസഫ് പിന്നീട് പറഞ്ഞു. കുതിരസാഡിലുകളും, ഹാർണസ്സുകളും നിർമ്മിക്കുന്നതിലെ കഴിവിനാൽ പിതാവിന്റെ സേവനം ക്യാമ്പിൽ വിലമതിക്കപ്പെട്ടിരുന്നു. ആ സ്വാധീനം ഉപയോഗിച്ചാണ് ആ പിതാവ് മകനെ സംരക്ഷിച്ചത്.
നാസികൾ സ്ഥാപിച്ച ഏറ്റവും വലിയ തടങ്കൽ ക്യാമ്പുകളിൽ ഒന്നായിരുന്നു ബുചൻവാൾഡ്. പട്ടിണി, രോഗങ്ങൾ, വധശിക്ഷകൾ എന്നിവ മൂലം ഇവിടെ 56,000-ലധികം തടവുകാർ മരിച്ചു.
രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനമായപ്പോൾ നാസികൾ പരാജയപ്പെട്ടു.
1945 ഏപ്രിൽ 12-ന്, അമേരിക്കൻ സൈന്യം ജോസഫിനെയും അദ്ദേഹത്തിന്റെ പിതാവിനെയും മോചിപ്പിച്ചു. ബുചൻവാൾഡിൽ ക്യാമ്പിൽ 21,000-ത്തിലധികം തടവുകാരെയാണ് സൈനികർ കണ്ടെത്തിയത്. ഇവരിൽ ഏകദേശം ആയിരത്തോളം പേർ പ്രായപൂർത്തിയാകാത്തവരായിരുന്നു — കൂടുതലും കൗമാരക്കാർ.

ക്യാമ്പ് വിമോചിക്കപ്പെട്ട സമയത്ത് ജോസഫിനെ നിരവധി തവണ ഫോട്ടോഗ്രാഫ് ചെയ്തിരുന്നു. അതിൽ ശ്രദ്ധേയമായ ഒന്നാണ്, ഐക്യരാഷ്ട്രസംഘത്തിന്റെ റിലീഫ് ആൻഡ് റീഹാബിലിറ്റേഷൻ അഡ്മിനിസ്ട്രേഷൻ (UNRRA) വാഹനത്തിന്റെ റണ്ണിംഗ് ബോർഡിൽ ഇരിക്കുന്ന അവന്റെ ചിത്രം. (കമന്റിൽ കൊടുത്തിട്ടുണ്ട്)
1947-ലെ അമേരിക്കൻ ജൂയിഷ് ജോയിന്റ് ഡിസ്ട്രിബ്യൂഷൻ കമ്മിറ്റി (JDC) രേഖയാണ് ജോസെഫിന്റെ കേസിനെ ആദ്യമായി പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്,.

വിമോചനത്തെക്കുറിച്ചുള്ള ജോസഫിന്റെ ഓർമ്മകൾ JDC ഇങ്ങനെ രേഖപ്പെടുത്തുന്നു:
“ആ ദിവസം ജോസഫ് സന്തോഷത്തോടെ ഓർക്കുന്നത് നിരവധി കാരണങ്ങളാലാണ്.
ഒന്നാമതായി, ആ ദിവസത്തിന് ശേഷം അവന് ഒളിച്ചിരിക്കേണ്ടിവന്നില്ല.
രണ്ടാമതായി, ‘മുമ്പത്തേക്കാൾ വളരെ അധികം തിന്നാനും കുടിക്കാനും ലഭിക്കാൻ തുടങ്ങി.’
മൂന്നാമതായി, അമേരിക്കൻ സൈനികർ അവനെ അവരുടെ ടാങ്കുകളിലും ജീപ്പുകളിലും ധാരാളം യാത്രകൾക്ക് കൂട്ടിക്കൊണ്ടുപോയതാണ്.”
വിമോചനത്തിന് ശേഷം, ജോസഫിനും പിതാവിനും സ്വിറ്റ്സർലാൻഡിൽ ചികിത്സ ലഭ്യമാക്കാൻ JDC സംവിധാനം ഒരുക്കി. കുറച്ച് മാസങ്ങൾക്ക് ശേഷം അവർ ജർമ്മനിയിലേക്ക് മടങ്ങി, മാതാവിനെ അന്വേഷിച്ചു. ഒടുവിൽ ഡാച്ചൗ പട്ടണത്തിൽ അവരെ കണ്ടെത്തി. കുടുംബം കുറച്ചുകാലം അവിടെ താമസിച്ചതിന് ശേഷം, 1948-ൽ JDCയുടെ സഹായത്തോടെ അമേരിക്കയിലേക്ക് കുടിയേറി.
അമേരിക്കയിൽ താമസിക്കുന്ന സമയത്ത്, ജോസഫ് ഒരു പത്രപ്രവർത്തകന് അഭിമുഖം നൽകുകയും, ബുചൻവാൾഡ് ക്യാമ്പിലെ യൂണിഫോം ധരിച്ച നിലയിൽ ഫോട്ടോഗ്രാഫ് ചെയ്യപ്പെടുകയും ചെയ്തു.
ആ ഫോട്ടോയാണ് ഇത്...

ജർമ്മനിയിലെ ഡാച്ചൗവിൽ 1947 ഏപ്രിൽ 11 മുതൽ ഓഗസ്റ്റ് 14 വരെ അമേരിക്കൻ സൈനിക ട്രൈബ്യൂണൽ നടത്തിയ ബുചൻവാൾഡ് ക്യാമ്പ് വിചാരണയിലും ജോസഫ് പങ്കെടുത്തു. പ്രോസിക്യൂഷന്റെ ഭാഗത്ത് നിന്ന് 31 പ്രതികൾക്കെതിരേ ജോസഫ് സാക്ഷി പറഞ്ഞു. ഈ 31 പ്രതികളിൽ 22 പേർക്ക് വധശിക്ഷ വിധിക്കപ്പെട്ടു; ശേഷിക്കുന്നവർക്ക് തടവ് ശിക്ഷ ലഭിച്ചു.

ദശകങ്ങളോളം,തന്റെ അനുഭവങ്ങളെക്കുറിച്ച് , സ്വന്തം മക്കളോടുപോലും, ജോസഫ് സംസാരിച്ചിരുന്നില്ല. അവനതൊന്നും ഓർക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല.

1997-ൽ പുറത്തിറങ്ങിയ തടങ്കൽ ക്യാമ്പിലെ ഒരു കുട്ടിയുടെ കഥ പറയുന്ന റോബർട്ടോ ബെനിനിയുടെ "ലൈഫ് ഇസ് ബ്യൂട്ടിഫുൾ" എന്ന സിനിമയുടെ വാർഷികാഘോഷങ്ങളോടനുബന്ധിച്ചാണ്, ജോസെഫിന്റെ ജീവിതകഥ സിനിമയുടെ തിരക്കഥയ്ക്ക് പ്രചോദനമായിരുന്നുവെന്ന് കണ്ടെത്തപ്പെട്ടത്.
ഇതോടെ അദ്ദേഹത്തെ കണ്ടെത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

ഒരു പ്രദർശനത്തിനായുള്ള ഗവേഷണത്തിനിടെ JDCയിലെ ഒരു ആർക്കൈവിസ്റ്റ് ജോസഫിനെക്കുറിച്ചുള്ള രേഖകൾ കണ്ടെത്തി. പ്രദർശനത്തിലെ ഫോട്ടോകളിൽ ഒന്നായിരുന്നു വെൻഡി ഇവാൾഡ് പകർത്തിയ ജോസഫിന്റെ ചിത്രം.
JDCയും "ദ ജ്യൂയിഷ് വീക്ക്" എന്ന പത്രവും ചേർന്ന് നടത്തിയ അന്വേഷണത്തിൽ തുടക്കത്തിൽ വളരെ കുറച്ച് സൂചനകളേ ലഭിച്ചിരുന്നുള്ളൂ. എന്നാൽ ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ, ന്യൂയോർക്ക് സിറ്റിയിൽ താമസിച്ചിരുന്ന ജോസഫിനെ കണ്ടെത്തി.

ഒടുവിൽ ഒരു പത്ര അഭിമുഖത്തിലൂടെ അദ്ദേഹത്തിന്റെ കഥ ലോകമറിയുകയും ചെയ്തു
കുടുംബം ബ്രൂക്ക്ലിനിലാണ് താമസമാക്കിയത്. അവിടെയാണ് 1950-ൽ ജോസഫിന്റെ സഹോദരൻ ബെഞ്ചമിൻ ജനിച്ചത്. ജോസഫിന്റെ പിതാവ് ഇസ്രായേൽ ഷ്ലൈഫ്സ്റ്റീൻ 1956-ൽ അന്തരിച്ചു; അമ്മ എസ്റ്റർ 1997-ൽ അന്തരിച്ചു.
ജോസഫ് ഷ്ലൈഫ്സ്റ്റീൻ AT&T കമ്പനിയിൽ 25 വർഷം ജോലി ചെയ്തു. 1997-ലാണ് അദ്ദേഹം വിരമിച്ചത്.

ഇപ്പോൾ അദ്ദേഹം വിശ്രമജീവിതം നയിക്കുന്നു.

ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ തുറന്ന സംഭാഷണത്തിന്റെ പ്രാധാന്യം എങ്ങനെ വിലയിരുത്താം!




ഫിലിപ്പ് മാരേട്ട്


ന്യു ജേഴ്സി: ബുദ്ധിമുട്ടുള്ള ഓരോ വിഷയങ്ങളെക്കുറിച്ച് തുറന്ന സംഭാഷണം നടത്തേ ണ്ടതിന്റെ പ്രാധാന്യം മനസ്സിലാ ക്കുന്നതിലൂടെ, നമ്മുടെ വ്യത്യസ്ത കാഴ്ചപ്പാ ടുകളും, വികാരങ്ങളും വെളിപ്പെടു ത്തുന്ന തിനും, വ്യക്തിഗത വളർച്ച, നവീകരണം, എന്നിവ വളർത്തിയെടുക്കുന്നതിനും സഹായി ക്കുന്നു. അങ്ങനെ ഈ വിലമതിപ്പ് വളർത്തി യെടുക്കാൻ, തുറന്നതും ജിജ്ഞാ സയുള്ളതുമായ ഒരു മാനസികാവസ്ഥയോടെ നമ്മൾ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങളിലേക്ക് പോകുക.


സാധാരണയായി, അത്തരമൊരു സംഭാഷണ ത്തിന്റെ പ്രധാന ലക്ഷ്യംതന്നെ ഒരു പരിഹാര ത്തിൽ എത്തിച്ചേരുക എന്നതാണ്. അതുകൊ ണ്ട് നമ്മൾ രണ്ടുപേരും സംതൃപ്തരാണെന്ന് മനസ്സിലാക്കാൻ സംഭാഷണത്തിന്റെ തുടക്കം മുതൽ ഒരുമിച്ച് പ്രവർത്തിക്കുക. അങ്ങനെ ഇവിടെ പരസ്പരം കുറ്റപ്പെടുത്തലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം നമ്മളെ കൂടുതൽ ഉൽപാദനപരമായ പരിഹാരങ്ങ ളിലേക്ക് നയിക്കുന്നു. ഇത് കൂടുതൽ സുരക്ഷ സൃഷ്ടിക്കുകയും, അതുപോലെ പരസ്പരം ബഹുമാനത്തിന്റെ അന്തരീക്ഷം വളത്തിയെ ടുക്കുകയും, സത്യസന്ധമായ ഒരു ബന്ധത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു.

ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ കൈകാര്യം ചെയ്യുന്നത് ഒരു വെല്ലുവിളിയാണ് കാരണം നമ്മൾ ആഗ്രഹിക്കുന്നത്ര ആഴത്തിൽ ആശ യവിനിമയം നടത്താൻ പലപ്പോഴും പാടു പെടുന്നു. അതായത് കഠിനമായ സംഭാ ഷണങ്ങൾ നടത്തുമ്പോൾ, അല്ലെങ്കിൽ അഭി പ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ, ഇത് കൂടുതൽ ബന്ധങ്ങളെ വ്രണപ്പെടുത്തുകയും, കാര്യങ്ങൾ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു. അതിനാൽ ഇത്തരം വെല്ലുവിളി നിറഞ്ഞ ചില സംഭാഷണങ്ങൾ നടത്തുമ്പോൾ, അവയ്ക്ക് വലിയ പ്രാധാന്യം നൽകരുത്. പകരം, ഒരു നിശ്ചിത തലത്തിലുള്ള പരിഗണനയോടും സത്യസന്ധതയോടും, ജിജ്ഞാസയോടും, കൂടി സംഭാഷണത്തിലേക്ക് പോകേണ്ടത് പ്രധാനമാണ്. അതുപോലെ പരസ്പരം നിങ്ങളുടെ കാഴ്ചപ്പാട് പ്രകടിപ്പിക്കാൻ പ്രസ്താവനകൾ ഉപയോഗിച്ച് നിങ്ങളുടെ വികാരങ്ങളും അനുഭവങ്ങളും പങ്കിടുക. ഇത് സത്യസന്ധമായ ബന്ധത്തിനുള്ള സുരക്ഷി തമായ ഒരു ഇടം സൃഷ്ടിക്കുന്നതിലൂടെ, നിങ്ങൾക്ക് കൂടുതൽ ആധികാരിക ബന്ധ ങ്ങൾ കെട്ടിപ്പടുക്കാനും സംഘർഷങ്ങൾ ഒഴിവാക്കാനും കഴിയുന്നു.

ബുദ്ധിമുട്ടുള്ള സംഭാഷണങ്ങളുടെ മൂല്യം എന്താണ്? ബുദ്ധിമുട്ടുള്ള സംഭാഷണ ങ്ങളിലൂടെ ഇരു കക്ഷികളുടെയും എല്ലാ പ്രശ്നത്തെക്കുറിച്ചും, പരസ്പരം ഉള്ള കാഴ്ച പ്പാടുകളെക്കുറിച്ചും, ആഴത്തിൽ മനസ്സി ലാക്കാൻ സഹായിക്കുന്നു. അതുകൊണ്ട് ഒരാൾ കഠിനമായ സംഭാഷണം നടത്തുമ്പോൾ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം സജീവമായും സഹാനുഭൂതിയോടെയും ശ്രദ്ധി ക്കുക എന്നതാണ്. ഇത്തരം കഠിനമായ സംഭാ ഷണങ്ങളിൽ ഏർപ്പെടുന്നതിലൂടെ ലഭിക്കുന്ന നല്ല ഫലങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടെങ്കിൽ അത് അവയുടെ മൂല്യത്തെ വിലമതിക്കാൻ നിങ്ങളെ പ്രേരിപ്പിക്കും. പ്രത്യേ കിച്ചും ഇത്തരം ബുദ്ധിമുട്ടുള്ള സംഭാ ഷണങ്ങളുടെ ഒരു കാര്യം, ആരും ഒരിക്കലും അവ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്.







അതുകൊണ്ടുതന്നെ ബുദ്ധി മുട്ടുള്ള. സംഭാഷണങ്ങളിൽ നമ്മൾ കൂടുതൽ ഇടപെടുമ്പോൾ മനസ്സിലാക്കേണ്ട മറ്റൊരു പ്രധാന കാര്യം, വ്യത്യസ്ത കാഴ്ചപ്പാടുകളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്ത്, തീരുമാനിക്കുക എന്നതാണ്. അതുപോലെതന്നെ മറ്റൊരാൾ പറഞ്ഞ വാക്കുകൾ ശരിയായി മനസ്സിലാക്കിയിട്ടുണ്ടെന്ന് നമ്മൾ സ്ഥിരീകരിക്കുന്നതും സഹായകരമാണ്. ബുദ്ധിമുട്ടുള്ള സംഭാഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം എന്താണ്? "സത്യസന്ധത" പുലർത്തുക, അതുപോലെ അതിനെക്കുറിച്ച് സംസാരിക്കുന്നത് നിങ്ങൾ ആത്മാർത്ഥമായി അഭിനന്ദിച്ചുവെന്ന് പറയുക.
ഇത് നിങ്ങളോട് അടുപ്പമുള്ള ഒരാളാണെങ്കിൽ, അവർ നിങ്ങളുടെ ജീവിതത്തിൽ എത്ര സന്തോഷവാനാണെന്ന് കരുതുക. മറ്റുള്ളവർ പറയുന്നത് കേൾക്കുന്നതിന് മുമ്പ് വിധി പറയാൻ നാം മന്ദഗതി യിലായിരിക്കണം. കൂടാതെ ആരെങ്കിലും ഒന്നുമില്ലായ്മയിൽ നിന്ന് വലിയ ഇടപാട് നടത്തുന്ന സന്ദർഭങ്ങളിൽ പോലും, അവരെ കേൾക്കാനുള്ള നമ്മുടെ സന്നദ്ധത തീവ്രത കുറയ്ക്കാൻ സഹായിക്കും.


അതിനാൽ ചിന്തനീയമായ ചോദ്യങ്ങൾ ചോദിച്ച്, ആവശ്യമെങ്കിൽ വ്യക്തത ചോദിക്കുന്നതിലൂടെ മറ്റൊരാളുടെ കാഴ്ചപ്പാട് മനസ്സിലാക്കാൻ ശ്രമിക്കുക. മറ്റൊരാൾ പറഞ്ഞത് ആവർത്തിക്കുകയും അവരുടെ വാക്കുകൾ നിങ്ങൾ ശരിയായി മനസ്സിലാക്കിയെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നത് ചിലപ്പോൾ സഹായകരമാണ്. അതിനാൽ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ നടത്തുന്നത് പ്രധാനമാണെന്ന് കരുതു ന്നുണ്ടെങ്കിലും, അവ വിവേകത്തോടെ ചെയ്യുന്നത് അതിലും പ്രധാനമാണ്. ഇത് കൂടുതൽ വിശ്വാസം വളർത്തിയെടുക്കുകയും മറ്റൊരാളുമായുള്ള നിങ്ങളുടെ ബന്ധം ആഴത്തിലാക്കുകയും ചെയ്യും.


ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ എന്തുകൊണ്ട് പ്രധാനമാണ്?. ബുദ്ധിമുട്ടുള്ള വിഷയങ്ങളെക്കുറിച്ചുള്ള തുറന്ന സംഭാഷണങ്ങൾ എല്ലാം മറ്റുള്ളവരുടെ വീക്ഷണകോണുകളിൽ നിന്ന് കാര്യങ്ങൾ കാണാൻ നിങ്ങളെ അനുവദിക്കുന്നു. ഇത് നിങ്ങളുടെ സ്വന്തം ധാരണയും ലോകവീക്ഷണവും വികസിപ്പിക്കുന്നു.

കൂടാതെ തുറന്ന സംഭാഷണം നമ്മളുടെ എല്ലാ തെറ്റിദ്ധാരണകളും തെറ്റായ വ്യാഖ്യാനങ്ങളും ഇല്ലാതാക്കുകയും, അതു പോലെതന്നെ നമ്മൾ എല്ലാവരെയും, ശരിയായി കേൾക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്നതായി തോന്നാനും ഇത് അനുവദിക്കുന്നു. ബുദ്ധിമുട്ടുള്ള ഒരു സംഭാഷണത്തെ ഒരു ഏറ്റുമുട്ടലായി കാണുന്നതിനുപകരം, പരസ്പര പഠനത്തിനും വളർച്ചയ്ക്കുമുള്ള ഒരു അവസരമായി അതിനെ കാണുക. നിങ്ങൾ പരിഗണിക്കാത്ത ന്യായമായ ഒരു വിശദീകരണമോ കാഴ്ചപ്പാടോ ഉണ്ടാകാമെന്ന് കരുതി, ജിജ്ഞാസയോടെ അതിനെ സമീപിക്കുക.

വ്യക്തമായും ഫലപ്രദമായും ആശയവിനിമയം നടത്താൻ ബുദ്ധിമുട്ടുള്ള ഒരു സംഭാഷണത്തിന് മുമ്പ് നിങ്ങളുടെ വികാരങ്ങളെ തയ്യാറാക്കാനും ശാന്തമാക്കാനും സമയമെടുക്കുക. അങ്ങനെ വ്യത്യസ്ത കാഴ്ചപ്പാടുകളിലേക്ക് നമ്മുടെ മനസ്സ് തുറക്കുന്നതിന്, യഥാർത്ഥ താൽപ്പര്യത്തോടെ ഈ സംഭാഷണങ്ങളെ സമീപിക്കുക.

ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ സ്വീകരിക്കുന്നത് ഒരു നല്ല ആശയമായിരിക്കുന്നത് എന്തുകൊണ്ട്? ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ അസ്വാസ്ഥ്യകരവും വെല്ലുവിളി നിറഞ്ഞതുമാകാം, എങ്കിലും മറ്റുള്ളവരെകുറിച്ച് ആഴത്തിൽ നമ്മൾ ശ്രദ്ധാലുവായിരിക്കുമ്പോൾ,





അവർ തെറ്റായ തീരുമാനങ്ങൾ എടുക്കുന്നുവെന്ന് കരുതു മ്പോൾ അവർക്ക് മുന്നറിയിപ്പ് നൽകാൻ നാം ആഗ്രഹിക്കും. എന്നാൽ മിക്കപ്പോഴും, ഇത്തരം സംഭാഷണങ്ങളിൽ ശക്തമായ വിയോജിപ്പുകളും, വികാരങ്ങളും ഉൾപ്പെടും എന്നതിനാൽ, എല്ലാം ശാന്തമായും സംഘ ർഷ സാധ്യതകളിൽ നിന്ന് മുക്തമായും നില നിർത്താൻ നമ്മൾ ആഗ്രഹിക്കുന്നു. എങ്കിൽ, ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം സജീവ മായും സഹാനുഭൂതി യോടെയും കേൾക്കുക എന്നതാണ്. അങ്ങനെ ബുദ്ധി മുട്ടുള്ള സംഭാഷണങ്ങൾ എല്ലാം ഇരു കക്ഷി കളുടെയും പരസ്പര കാഴ്ചപ്പാടു കളെ ക്കുറിച്ചും, പ്രശ്നത്തെക്കുറിച്ചും ആഴത്തിൽ മനസ്സി ലാക്കാൻ കൂടി സഹായിക്കും. അതുപോലെ ഈ പ്രശ്നങ്ങൾ പരിഹ രിക്കുന്ന തരത്തിൽ സമാധാനപരമായി കൈകാര്യം ചെയ്യുന്നതിന് അവിശ്വ സനീയമായ ക്ഷമയും വിവേകവും ആവ ശ്യമാണ്. ഇത് തെറ്റിദ്ധാരണകൾ കുറ യ്ക്കാനും, സഹാനുഭൂതി വളർത്താനും സഹ കരണം വർദ്ധിപ്പിക്കാനും സഹാ യിക്കുന്നു.

ബുദ്ധിമുട്ടുള്ള ഒരു സംഭാഷണത്തിന്റെ പ്രാ ധാന്യം എങ്ങനെ വിലയിരുത്താം?. ആദ്യം നിങ്ങളുടെ ഉദ്ദേശ്യങ്ങളും ആഗ്രഹിച്ച ഫലങ്ങളും വ്യക്തമാക്കാനും, നിങ്ങൾ എന്താണ് നേടാൻ ആഗ്രഹിക്കുന്നതെന്നും, അതുപോലെ സാഹചര്യം നിങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നും ചിന്തിക്കുക. തുടർന്ന്, മറ്റേ വ്യക്തിയുടെ വൈകാരിക സന്നദ്ധതയും നിങ്ങളുടെ പങ്കിട്ട മൂല്യങ്ങളും ഉൾപ്പെടെ ബന്ധവും സന്ദർഭവും പരിഗണിക്കുക. ആത്യ ന്തികമായി, ഒരു സംഭാഷണം നിങ്ങളുടെ മൂല്യങ്ങളുമായി പൊരുത്തപ്പെടുന്നെങ്കിൽ, ഇവയെല്ലാം നിങ്ങളുടെ സ്വന്തം പെരുമാറ്റ ത്തെക്കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ച നൽകും. അതുപോലെതന്നെ മറ്റുള്ളവരുടെ വെളിപ്പടു ത്തലിലൂടെ, നിങ്ങൾക്ക് അറിയില്ലായിരുന്ന സ്വഭാവ വിശേഷങ്ങളെയും പാറ്റേണു കളെയും കുറിച്ച് നിങ്ങൾക്ക് പഠിക്കാൻ കഴി യും.

അതുപോലെ സത്യസന്ധമായ സംഭാഷ ണത്തിൽ നമ്മൾ ഏർപ്പെടുന്നതിലൂടെ, മറ്റൊരാളെയും, ബന്ധത്തെയും, ഇത് വില മതിക്കുന്നുവെന്ന് കാണിക്കുന്നു, ഒപ്പം വിശ്വാസവും പരസ്പര ബഹുമാനവും ശക്തി പ്പെടുത്തുന്നു. ഈ ആത്മപരിശോധന ഓരോ ബുദ്ധിമുട്ടുള്ള ഇടപെടലിൽ നിന്നും പഠി ക്കാനും വളരാനും നിങ്ങളെ സഹായിക്കുന്നു.

തുറന്ന സംഭാഷണം എന്നത് ആളുകൾക്ക് കഠിനമായ പ്രതികരണത്തോടെ സംസാ രിക്കാനും, വിയോജിപ്പുള്ളതായ അഭി പ്രായങ്ങൾ പ്രകടിപ്പിക്കാനും, അസ്വസ്ഥ തയുണ്ടാക്കുന്ന സത്യങ്ങൾ ഉന്നയിക്കാനും, അതുപോലെ സുരക്ഷിതത്വം തോന്നു ന്നുണ്ടോ എന്ന് വെളിപ്പെടുത്തുന്ന മേഖ ലയാണ്. ഇവിടെ മുഖാമുഖ ആശയവിനിമ യത്തിലെന്നപോലെ, നേത്ര സമ്പർക്കം നിലനിർത്തുന്നത് സംഭാഷണത്തിലുടനീളം മറ്റ് വ്യക്തിയുടെ സ്വീകാര്യത അളക്കാനും നിങ്ങളുടെ സത്യസന്ധതയും മറ്റ് വ്യക്തിയെ ശ്രദ്ധിക്കാനുള്ള ആഗ്രഹവും പ്രകടമാ ക്കാനും സഹായിക്കുന്നു. അതിനാൽ, എല്ലാം ശാന്തമായും സംഘർഷ സാധ്യതകളിൽ നിന്ന് മുക്തമായും നിലനിർത്താൻ നമ്മൾ ആഗ്ര ഹിക്കുന്നുവെങ്കിൽ, ഏറ്റവും പ്രധാനപ്പെട്ട കാര്യം സഹാനുഭൂതിയോടെ കേൾക്കുക എന്നതാണ്. അപ്പോൾ ബുദ്ധിമുട്ടുള്ള സംഭാ ഷണങ്ങൾ ഇരു കക്ഷികളുടെയും പ്രശ്ന ത്തെക്കുറിച്ചും പരസ്പരം കാഴ്ചപ്പാടു കളെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കും. അതുപോലെ ഈ പ്രശ്ന ങ്ങൾ പരിഹരിക്കുന്ന തരത്തിൽ സമാധാ നപരമായി കൈകാര്യം ചെയ്യുന്നതിന് ക്ഷമയും വിവേകവും ആവശ്യമാണ്. ഇത് തെറ്റിദ്ധാരണകൾ കുറയ്ക്കാനും, സഹാ നുഭൂതി വളർത്താനും നമ്മെ സഹായിക്കും.



വെല്ലുവിളി നിറഞ്ഞ വിഷയങ്ങൾ, സംഭാഷണങ്ങൾ, ഇടപെടലുകൾ എന്നിവയെ ആദരപൂർവ്വം കൈകാര്യം ചെയ്യാൻ വ്യക്തികൾക്ക് എങ്ങനെ കഴിയും?. സംഭാഷണങ്ങൾ ശാന്തമായി പരിഗണിക്കുന്നതിലും ഫലപ്രദമാണ് മറ്റൊരാൾ സംസാരിക്കുമ്പോൾ, ഒരിക്കലും തടസ്സപ്പെടുത്താതെ, ആദരവോടെ ശ്രദ്ധിക്കുക എന്നത്. അതുപോലെ നിങ്ങൾ സംസാരിക്കുമ്പോൾ കാണിക്കാൻ ആഗ്രഹിക്കുന്ന ബഹുമാനം നിങ്ങൾ മറ്റൊരാളോടും കാണിക്കുക. മറ്റുള്ളവരുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കാൻ ശ്രദ്ധയോടെ സജീവമായി ശ്രദ്ധിക്കുക. പ്രത്യേകിച്ചും വ്യക്തികളെയല്ല, ആശയങ്ങളെ മാത്രം വിമർശിക്കുക. ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ മറ്റുള്ളവർ ഒരു സാഹചര്യത്തെ എങ്ങനെ കാണുന്നു എന്ന് മനസ്സിലാക്കാൻ അവസരം നൽകുന്നു, ഇത് നിങ്ങളുടെ സ്വന്തം സ്വഭാവത്തെയും പെരുമാറ്റത്തെയും കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകും. അങ്ങനെ വളരെ പ്രധാനപെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ വൈദഗ്ദ്ധ്യം നേടാൻ നിങ്ങളെ സഹായിക്കുന്നു. അതുകൊണ്ട് വ്യക്തിപരവും തൊഴിൽപരവുമായ ജീവിതത്തിൽ ശാന്തത പാലിക്കാൻ നമ്മൾ ആവശ്യമായതെല്ലാം ചെയ്യുക.

ഫിലിപ്പ് മാരേട്ട്





MTA RETRIEES FAMILY GET TOGETHER





















MTA RETRIEES FAMILY GET TOGETHER





Let's Celebrate!



പല്ല് ഡോക്ടർ

Dr nechupadam DENTAL CLINIC



പുരാതനമായ പിറവം വലിയപള്ളി വിശുദ്ധ രാജാക്കളുടെ നട.



സെൻറ് മേരീസ് ഓർത്തോഡോക്സ് സുറിയാനി കത്തീഡ്രൽ, പിറവം ✝️
ഐതിഹ്യം സത്യമെങ്കിൽ ലോകത്തിലെ ആദ്യ ക്രൈസ്തവ ദേവാലയം പിറവം വലിയ പള്ളിയത്രെ!

യേശുവിന്റെ ജനനത്തെ സൂചിപ്പിക്കുന്ന 'പിറവി' കണ്ട രാജാക്കളുടെ നാട് ലോപിച്ചാണ് 'പിറവം' ആയതെന്നും, കുന്നിന് പുറത്തിരിക്കുന്ന പള്ളി യുടെ സ്ഥാനത്തെ പരാമർശിക്കുന്ന 'വ്രത്ത്' എന്ന വാക്കാണ് പിറവമായി രൂപാന്തരപ്പെട്ടതെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്.

പുരാതനവും പ്രസിദ്ധവുമായ ഇന്ന് കാണുന്ന പള്ളി പരിശുദ്ധ ദൈവ മാതാവിന്റെ നാമത്തിൽ ക്രിസ്ത്വാബ്ദം അഞ്ചാം നൂറ്റാണ്ടിൽ സ്ഥാപിച്ചതാണെന്ന് ചരിത്രം. പള്ളിയോടു ചേർന്നു തന്നയാണ് പിഷാരു കോവിൽ ദേവിക്ഷേത്രവും. ഒരേപുരയിടത്തിൽ തന്നെ പള്ളിയും ക്ഷേത്രവും സ്ഥിതിചെയ്യുന്നത് അത്യ പൂർവ്വമാണ്.

ഉണ്ണിയേശുവിനെ കണ്ടു സമ്മാനങ്ങളർപ്പിച്ചു വന്ദിച്ച രാജാക്കന്മാർ നാട്ടില് മടങ്ങിയെത്തി സ്ഥാപിച്ചതാണ് ഈ ദൈവാലയം എന്നു കരുത പ്പെടുന്നു. തങ്ങൾ വണങ്ങിയ ദിവ്യ പൈത ലിന്റെ രൂപമാണ് അവർ പള്ളിയിൽ പ്രതിഷ്ഠിച്ചത്. ഐതി ഹ്യം സത്യമെങ്കിൽ ലോകത്തിലെ ആദ്യക്രൈ സ്തവദേവാലയം പിറവം വലിയ പള്ളിയത്രെ! ഭാരതീയമായ പൂജാ ശൈലിയും അനുഷ്ഠാന വിധിക ളുമായിരുന്നു ദേവാലയ ത്തിന്റെ ആദ്യ കാലഘട്ടങ്ങളിലുണ്ടായിരുന്നത്.

നാട്ടിലെ പ്രമുഖ ഹൈന്ദവ കുടും ബാംഗമായിരുന്ന ചാലശ്ശേരി പണിക്കരാണ് പള്ളി നിര്മ്മിക്കാന് 40 സെന്റ് സ്ഥലം നല്കിയതെന്നു കരുതപ്പെടുന്നു. പള്ളി സ്ഥാപിച്ച രാജാക്കന്മാരുടെ പടത്തല വന്മാരായിരുന്നു ചാലശ്ശേരി കുടുംബ ക്കാരെ ന്നാണ് വിശ്വാസം. പള്ളിക്കായി നല്കിയ സ്ഥലം മൂവാറ്റുപുഴയാറിന്റെ തീരത്തുള്ള ചെറിയൊരു കുന്നായിരുന്നു. ശിലാസ്ഥാ പനപ്പെരുന്നാൾ ദിനമായ ഒക്ടോബർ എട്ടിന് (കന്നിമാസം 23) ചാലശ്ശേരി തറവാട്ടിലെ കാരണവർ പള്ളിയി ലെത്തി ''അഞ്ചേ കാലും കോപ്പും'' ഏറ്റുവാങ്ങി, രാജാക്ക ന്മാരെ തൊഴുതു മടങ്ങുന്നു. വലി യ പള്ളിയിലെ എണ്ണച്ചായ ചിത്രങ്ങള് പ്രത്യേ കമായി പരാമർശിക്ക പ്പെടേണ്ടതാണ്. സൃഷ്ടി മുതൽ അവ സാന അത്താഴം വരെ രചിച്ചിരിക്കുന്ന ദേവാലയ ഭിത്തികളിൽ പ്രത്യേക ദിനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും കാണാം.

ഇവയ്ക്ക് 1500 ൽ ഏറെ വർഷത്തെ പഴക്കമുണ്ടെന്നാണ് പുരാവസ്തു ഗവേഷകരുടെ മതം.

ആറടി വണ്ണമുള്ള കടല്ഭിത്തികളും വിസ്താരമേറിയ ആനവാതിലും, വാതായനങ്ങളും പള്ളിയുടെ പ്രൌഢമായ പാരമ്പര്യം വ്യക്തമാക്കുന്നു.

പള്ളിയെചുറ്റി പല ഐതിഹ്യങ്ങളുമുണ്ട്. ദേവാലയത്തിന്റെ പടിഞ്ഞാറ് മൂവാറ്റു പുഴയാറിൽ നിന്ന് പള്ളിയുടെ അടി ഭാഗത്തേക്ക് ഒരു ഗുഹയുണ്ട്. അവിടെ അത്ഭുതസിദ്ധികളുള്ള ഒരു ആമയും വലിയൊരു മത്സ്യവും പാർത്തിരുന്നതായി പറയുന്നു. ദേവാലായത്തിൽ 'കാസയും പീലാസയും എഴുന്നള്ളിക്കുമ്പോള്' പള്ളിക്കയത്തിൽ ഒരു വിശേഷമത്സ്യം പൊങ്ങിവന്ന് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമായിരുന്നത്രെ.

പണ്ഡകശാല കുത്തകയുണ്ടായിരുന്ന കാലത്ത് കുത്തകക്കാരുടെ ദൃഷ്ടിയിൽ കുരുമുളകു നെല്ലായതും, ചെങ്കോൽ ഉയർത്തിനില്ക്കുന്ന രാജാക്കന്മാരുടെ സന്നിധിയില് തസ്കര പ്രമാണി കായംകുളം കൊച്ചുണ്ണിയുടെ ശ്രമങ്ങള് വിഫലമായതുമെല്ലാം ഏറെ പ്രചാരമുള്ള ഐതിഹ്യങ്ങളാണ്.

ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്തുണ്ടായിരുന്ന 104 പള്ളികളിൽ ഒന്നാണ് പിറവം വലിയ പള്ളി. ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്തുണ്ടായിരുന്ന 104 പള്ളികളില് ഒന്നാണ് പിറവം വലിയ പള്ളി. സുന്നഹദോസിനു ശേഷം മെനേസിസ് മെത്രാന് സന്ദർശിച്ച 77 പള്ളികളിൽ പിറവവും ഉൾപ്പെടുന്നുവെന്നത് പള്ളിയുടെ ചരിത്രപ്രാധാന്യം വെളിവാക്കുന്നു.

കൂനൻകുരിശു സത്യത്തിനു മുമ്പു മലങ്കര ക്രൈസ്തവര് ഒരുമിച്ചാണ് വലിയ പള്ളിയിൽ ആരാധന നടത്തിയിരുന്നത്. കൂനൻകുരിശു സത്യത്തിനു ശേഷം പിറവം പള്ളി മാർത്തോമ്മാ മെത്രാന്റെ കീഴിൽ വന്ന 44 പള്ളികളിൽ ഒന്നായി. വടക്കും ഭാഗക്കാരായ കത്തോലിക്കർ 1821-ൽ വേറെ പള്ളി വച്ച് ഇടവകമാറിപ്പോയി. ഭാഗക്കാർ വലിയ പള്ളിയിൽ തന്നെ തുടർന്നു







ക്രിസ്മസ് മുഖമുദ്രകൾ

എ.സി.ജോർജ്
(കവിത)

ആഴിയിലെങ്ങും മാനവ കോപതാപങ്ങൾ തണുക്കും കാലം
മാനവ ഹൃദയ സരസ്സിലെങ്ങും നക്ഷത്ര രാജികൾ മിന്നും കാലം
വെറും ദേശീയതക്കപ്പുറം മതിലുകൾക്കപ്പുറം സർവ്വലോകരും
ഒന്നായി ഒരുമയോടെ തൻ മനസുകൾ സന്മനസ്സുകളാക്കി
ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനമെന്ന മഹനീയ
സന്ദേശം
നെഞ്ചിലേറ്റി സർവലോക മാനവരെങ്ങും ആഘോഷിക്കും
കണ്ണിനും കാതിനും ഹൃദയ അന്തരാളങ്ങളിലും പ്രകാശ പൂരിതമാം
പുഷ്പിതമാം പൂവാടികൾ തേൻ മധുരമായി എത്തുകയായി
സമർപ്പണ ത്യാഗ യാഗങ്ങളുടെ ശാന്തി സമാധാന സൗഹാർദ
ദൗത്യമായി ദേഹി ദേഹ മനസ്സുകളെ കോരിത്തരിപ്പിക്കും
കുളിർമയിൽ തലോടും, ആശ്വാസമേകും എളിമക്കു
മഹത്വമേകും
ആശയറ്റവർക്കു അത്താണിയായി കൂരിരുൾ താഴ്വരകൾ
പ്രകാശമാനമാക്കി ഇതാ ക്രിസ്മസ് മെരി ക്രിസ്മസ് കാലം
ആകാശ നീലിമയിൽ പരിഭാവന സ്നേഹ കീർത്തനങ്ങൾ
മുഴങ്ങട്ടെ ലോകമെങ്ങും പരസ്പര ശത്രുതയില്ലാത്ത ഒരു ലോകം
ലോകമാനവ ഹൃദയത്തിൻ അൾത്താരകളിൽ പ്രതിഷ്ഠിക്കാം
പരസ്പര കലഹം ഇല്ലാത്ത യുദ്ധങ്ങൾ ഇല്ലാത്ത നശീകരണങ്ങൾ
കൊല്ലും കൊലയും മത വെറികളും വേലിക്കെട്ടുകളും
ഇല്ലാത്ത നിർമല മാനവ ഹൃദയ വിശാലമാം ഒരു ലോകം
മാനവികമാം കൊട്ടിഘോഷിക്കാത്ത സൽകർമ്മങ്ങൾ
അതാകട്ടെ ഇ ക്രിസ്മസ് രാപ്പകൽ ആഘോഷ മുഖമുദ്രകൾ




SPECTRUM AUTO
West Nyack
Montrose
WHY CHOOSING A
TESLA-APPROVED
Collision Center Matters!
Access to Tesla-Trained Technicians
Exclusive Use of Tesla-Approved Parts and Materials
Official Tesla Support and Guidance
Retain Your Vehicle's Value and Warranty Coverage
GET QUOTATION
www.spectrumautoinc.com


NATIONAL BUILDERS
K-RERA/PRJ/ERN/143/2023
www.rera.kerala.gov.in
Take Home the
LUXURY OF KOCHI
NATIONAL Signature
TOWER II



കരുണ പിറന്ന രാത്രി

നോബി പോൾ

കരുണ പിറന്ന രാത്രി
മൂകമായൊരു രാത്രിയിൽ
താരം പുഞ്ചിരി ചൂടി
പുൽ കൂട്ടിൽ പിറന്നു
സ്നേഹത്തിന്റെ കൊടി
ദൂരെ ദൂരെ മേഞ്ഞിടും
മേക്കുന്ന കൂട്ടം കേട്ടു
ദൂതരുടെ ഗാനം
ആകാശം നിറച്ചു
നന്മ പാടാം, കരുണ പാടാം
ലോകം ഒന്നാകെ ചേരാം
പകയും ദ്വേഷവും അകലേ
സ്നേഹത്തിൽ നമുക്കിന്നു നേരാം
കിരീടമില്ല, കൊട്ടാരമില്ല
കുഞ്ഞിന് രാജത്വം
വേദന കണ്ട ലോകത്തിന്
അവൻ ആശ്വാസം
ഇന്നും ആ ജനനത്തിന്റെ
അർത്ഥം മാറിയില്ല
മനുഷ്യൻ മനുഷ്യനാകണം
അതല്ലാതെ വഴിയില്ല
നന്മ പാടാം, കരുണ പാടാം
ഹൃദയം തുറന്നു കൊടുക്കാം
ഓരോ വീടും ബെത്ലഹേമായി
ക്രിസ്തുമസ് ജനിക്കട്ടെ എന്നും

നോബി പോൾ
സബ് എഡിറ്റർ, കേരള ടൈംസ്


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com
www.malabarpalace.us
malabarpalaceny@gmail.com



ശ്മശാനഭൂമിയുടെ ഓർമ്മപ്പെടുത്തലുകൾ

പി പി ചെറിയാൻ

വിശാലമായ ആ ശ്മശാനത്തിന് എപ്പോഴും ഒരു മരവിച്ച ഗന്ധമാണ്. അവിടെ ചിതറിക്കിടക്കുന്ന വെളുത്ത മാർബിൾ കല്ലറകൾ വെറും കല്ലുകളല്ല; അവ ഓരോന്നും ഓരോ മനുഷ്യരുടെ അപൂർണ്ണമായ കഥകളാണ്. ജീവിതത്തിന്റെ തിരക്കുപിടിച്ച ഓട്ടത്തിനിടയിൽ ഹൈവേയ്ക്ക് അരികിലെ ആ ശ്മശാനഭൂമി എനിക്കെപ്പോഴും ഒരു ഓർമ്മപ്പെടുത്തലാണ്. അവിടത്തെ നിശബ്ദതയിൽ അല്പസമയം ചിലവഴിക്കുന്നത് എന്റെ ജീവിതത്തെ തന്നെ പുനർവിചിന്തനം ചെയ്യാൻ സഹായിക്കാറുണ്ട്. ഒരു വൈകുന്നേരം അവിടുത്തെ ഇടവഴിയിലൂടെ കാർ ഓടിച്ചുപോകുമ്പോൾ, എന്റെ കണ്ണുകൾ അറിയാതെ ഒരു കല്ലറയിൽ തറഞ്ഞുനിന്നു.സാവകാശം ആക്സിലറേറ്റിൽ നിന്നും കാൽ മാറ്റിയതോടെ കാറിന്റെ മുന്നോട്ടുള്ള നീക്കം നിലച്ചു .കല്ലറയുടെ മുകളിൽ ഉയർന്നു നിൽക്കുന്ന ആ ശിലാഫലകത്തിലെ വരികൾ എന്നെ വല്ലാതെ ആകർഷിച്ചു: . അതിൽ ഇങ്ങനെ കൊത്തിവെച്ചിരുന്നു: “ഇവിടെ ഞാൻ സമാധാനത്തിൽ ഉറങ്ങുന്നു.”

ആ വരികളേക്കാൾ എന്നെ അത്ഭുതപ്പെടുത്തിയത് അതിലെ തീയതികളാണ്. നാൽപ്പത് വയസ്സ് പോലും തികയാത്ത ഒരു മനുഷ്യൻ. വിവാഹം കഴിഞ്ഞ് കഷ്ടിച്ച് പത്തു വർഷം മാത്രം ജീവിച്ച ഒരാൾ. 'സമാധാനം' എന്ന വാക്കിൽ തൂങ്ങിക്കിടന്ന് ആ കല്ലറ ഒരു രഹസ്യം കാത്തുസൂക്ഷിക്കുന്നത് പോലെ എനിക്ക് തോന്നി.

ആ മനുഷ്യനെ എനിക്ക് നേരത്തെ അറിയാമായിരുന്നു. ശവസംസ്കാര ചടങ്ങിന് ശേഷം അന്ന് അവിടം വിടുമ്പോൾ ആ ശിലാഫലകം അവിടെയുണ്ടായിരുന്നില്ല. അയാളുടെ ഭൂതകാലം ഒരു കരിനിഴൽ പോലെയായിരുന്നു. മദ്യത്തിന് അടിമയായി, സ്വന്തം കുടുംബത്തിനും നാട്ടുകാർക്കും ഒരു ബാധ്യതയായി മാറിയ ഒരാൾ. സമൂഹം അവനെ വെറുപ്പോടെ 'തിരുത്താൻ കഴിയാത്തവൻ' എന്ന് മുദ്രകുത്തി മാറ്റിനിർത്തി.

എന്നാൽ അയാളുടെ ജീവിതത്തിലേക്ക് ഒരു മാറ്റം വന്നത് അയാളുടെ ഭാര്യയിലൂടെയാണ്. ഒരു അനാഥാലയത്തിൽ വളർന്നവളാണെങ്കിലും, അവളുടെ മുഖത്ത് ഒരു വല്ലാത്ത ശാന്തതയും സൗമ്യതയും ഉണ്ടായിരുന്നു. വിവാഹത്തിന്റെ ആദ്യരാത്രിയിൽ തന്നെ ലഹരിയിൽ ആടിയുലഞ്ഞെത്തിയ ഭർത്താവിനെ കണ്ടപ്പോൾ അവൾ പരിഭ്രാന്തിയോ കോപമോ പ്രകടിപ്പിച്ചില്ല. പകരം, അവൾ തിരഞ്ഞെടുത്തത് 'മൗനം' എന്ന വലിയ ആയുധമായിരുന്നു.

അവൾ അവനോട് കലഹിച്ചില്ല, കുറ്റപ്പെടുത്തിയില്ല. പക്ഷേ, എല്ലാ പുലർച്ചെയും അടുക്കളയുടെ കോണിൽ നിന്ന് ഉയർന്നിരുന്ന അവളുടെ നേർത്ത പ്രാർത്ഥനാ സ്വരങ്ങൾ അയാളുടെ ഉറക്കമില്ലാത്ത രാത്രികളെ അസ്വസ്ഥമാക്കി. ഒടുവിൽ ഒരു ദിവസം അയാൾ തകർന്നുപോയി. "നീ എന്തിനാണ് എന്നെ സ്നേഹിക്കുന്നത്? ഞാൻ വെറുക്കപ്പെടേണ്ടവനല്ലേ?" എന്ന് അയാൾ വിങ്ങിപ്പൊട്ടിക്കൊണ്ട് ചോദിച്ചു.
ശാന്തമായ ചിരിയോടെ അവൾ പറഞ്ഞു: "സ്നേഹം എന്നാൽ ഒരാളെ മാറ്റാൻ വേണ്ടി കാത്തിരിക്കുന്ന ഒന്നല്ല; ഒരാൾ മാറും വരെ അയാൾക്കൊപ്പം നിൽക്കുന്ന പ്രാർത്ഥനയാണ്."

ആ വാക്കുകൾ അയാളെ അടിമുടി മാറ്റിമറിച്ചു. പിന്നീടുള്ള പത്തുവർഷങ്ങൾ അയാൾ മറ്റൊരു മനുഷ്യനായിരുന്നു. നാട്ടുകാർക്ക് പ്രിയപ്പെട്ടവൻ, ദയാലു, ഉത്തരവാദിത്തമുള്ള ഭർത്താവ്. എന്നാൽ വിധിക്ക് മറ്റൊരു പദ്ധതിയുണ്ടായിരുന്നു. ഒരു മഴരാത്രിയിൽ, മറ്റൊരാളുടെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഒരു വാഹനാപകടത്തിന്റെ രൂപത്തിൽ മരണം അയാളെ കൊണ്ടുപോയി.
മരണവാർത്തയറിഞ്ഞ് ഞാൻ അവിടെ ചെല്ലുമ്പോൾ ആ സ്ത്രീയുടെ മുഖത്തെ ശാന്തത എന്നെ ഞെട്ടിച്ചു. അവളുടെ കണ്ണുകൾ നനഞ്ഞില്ല. വർഷങ്ങൾ നീണ്ട തന്റെ പ്രാർത്ഥനയും സ്നേഹവും സഫലമായതിന്റെ ഒരു ആത്മസംതൃപ്തി അവിടെയുണ്ടായിരുന്നു. താൻ വിതച്ച സ്നേഹത്തിന്റെ വിത്തുകൾ അയാളെ ഒരു നല്ല മനുഷ്യനാക്കി മാറ്റിയെന്നും, ആ സമാധാനത്തിലാണ് അയാൾ യാത്രയായതെന്നും അവൾക്കറിയാമായിരുന്നു.

സംസ്കാരച്ചടങ്ങുകളിൽ പങ്കെടുത്തു ശ്മശാനത്തിൽ നിന്നും മടങ്ങുമ്പോൾ മൺകൂമ്പാരത്തിനു മുകളിൽ പൂക്കൾ നിരത്തിവച്ചിരുന്നു
ഇന്നും മിക്കവാറും എല്ലാ ഞായറാഴ്ചകളിലും അവൾ ആ കല്ലറയ്ക്കരികിൽ എത്തുന്നുവെന്നാണ് ഞാൻ പിന്നീടറിഞ്ഞത്.ഒരുപിടി വെള്ളപ്പൂക്കൾ അവിടെ സമർപ്പിക്കും. ആ ശിലാഫലകത്തിലെ 'സമാധാനം' എന്ന വാക്ക് വായിക്കുമ്പോൾ അവളുടെ മുഖത്ത് വിരിയുന്ന ആ നേർത്ത പുഞ്ചിരിക്ക് ലോകത്തിലെ എല്ലാ വിജയങ്ങളേക്കാളും തിളക്കമുണ്ട്.

കാർ വീണ്ടും ഹൈവേയിലേക്ക് പ്രവേശിക്കുമ്പോൾ എന്റെ മനസ്സിൽ ആ പഴയ പാട്ടുയർന്നു:
"ഒരിക്കലേവനും മരിക്കും നിശ്ചയം ,ഒരുങ്ങേല്ലാവരും മരിപ്പാൻ
ധനികൻ ,ദരിദ്രൻ, വയസ്സൻ.ശിശുവും മരിക്കുന്നില്ല ഈ ലോകേ
ഒന്നും നാമിഹേ കൊണ്ടുവന്നില്ല , ഒന്നുമില്ലാതെ പോകുമേ
സമ്പാദിച്ചതെല്ലാം പിൻപിൽ തള്ളേണം നമ്പിക്കൂടല്ലേ ഈ ലോകം"

സത്യമാണ്, നമ്മൾ സമ്പാദിച്ചതൊന്നും കൂടെ വരില്ല. പക്ഷേ, ആ സ്ത്രീ അയാൾക്ക് പകർന്നു നൽകിയ ആ സമാധാനവും സ്നേഹവും—അത് മാത്രം മരണത്തിന്റെ അതിരുകൾ കടന്നും അയാളുടെ ആത്മാവിനൊപ്പമുണ്ടാകും. നമ്മുടെ ജീവിതത്തിലും നാം സമ്പാദിക്കേണ്ടത് ഇത്തരം ചില നിമിഷങ്ങളല്ലേ?

സഞ്ജീവനം ആയുർവേദ ആശുപത്രി – സമഗ്ര ചികിത്സയുടെ വിശ്വസനീയ കേന്ദ്രം



കേരളത്തിന്റെ ആയുർവേദ പാരമ്പര്യത്തെ ആധുനിക ശാസ്ത്രീയ സമീപനവുമായി സംയോജിപ്പിച്ച് രോഗശാന്തിയിലേക്കുള്ള സമഗ്ര പരിചരണം നൽകുന്ന ഒരു മുൻനിര സ്ഥാപനമാണ് കൊച്ചിയിൽ പ്രവർത്തിക്കുന്ന സഞ്ജീവനം ആയുർവേദ ആശുപത്രി. രോഗം മാത്രം ചികിത്സിക്കുന്നതല്ല, രോഗിയുടെ ശരീരം, മനസ്, ജീവിതശൈലി എന്നിവയെ മുഴുവനായും പരിഗണിച്ചുള്ള ചികിത്സാരീതികളാണ് സഞ്ജീവനത്തിന്റെ പ്രത്യേകത.

ജനറൽ മെഡിസിൻ ആൻഡ് ന്യൂറോളജി , വിമൻസ് ഹെൽത്ത് ആൻഡ് ഗൈനക്കോളജി , പീഡിയാട്രിക്സ് , ent ആൻഡ് ഒപ്താൽമോളജി , അനോറെക്ടൽ , സ്പോർട്സ് മെഡിസിൻ , വെൽനെസ്സ് ആൻഡ് പഞ്ചകർമ തുടങ്ങിയ മേഖലകളിൽ പരിചയസമ്പന്നരായ ആയുർവേദ ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ഇവിടെ ചികിത്സകൾ നടത്തപ്പെടുന്നത്. ശാസ്ത്രീയമായി തയ്യാറാക്കിയ ചികിത്സാപദ്ധതികൾ, മികച്ച ഔഷധങ്ങൾ, വ്യക്തിഗത ചികിത്സാ സമീപനം എന്നിവ സഞ്ജീവനത്തെ വ്യത്യസ്തമാക്കുന്നു.



ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻപേഷ്യന്റ്-ഔട്ട്പേഷ്യന്റ് സേവനങ്ങൾ, പ്രത്യേകം രൂപകൽപ്പന ചെയ്ത ചികിത്സാമുറികൾ, പരിശീലനം ലഭിച്ച പുരുഷ-സ്ത്രീ തെറാപ്പിസ്റ്റുകൾ, ശുചിത്വവും സുരക്ഷയും ഉറപ്പുവരുത്തുന്ന അന്തരീക്ഷം എന്നിവ രോഗികൾക്ക് ആശ്വാസകരമായ ചികിത്സാനുഭവം നൽകുന്നു.



SANJEEVANAM
AYURVEDA HOSPITAL
— KOCHI —

“Nature’s Healing, Scientific Precision.”എന്ന ആശയവുമായി, ആരോഗ്യകരമായ ജീവിത ത്തിലേക്കുള്ള വിശ്വസനീയ വഴികാട്ടിയായി സഞ്ജീവനം ആയുർവേദ ആശുപത്രി തുടർ ച്ചയായി സേവനം അനുഷ്ഠിച്ചു കൊ ണ്ടിരിക്കുന്നു.

NABH മാനദണ്ഡങ്ങൾ പാലിക്കുന്ന ചികിത്സാ സംവിധാനങ്ങളും കേരള ടൂറിസം ഡയമണ്ട് ക്ലാസിഫിക്കേഷൻ ഉൾപ്പെടെയുള്ള സർട്ടിഫി ക്കേഷനുകൾ സഞ്ജീവനം ആയുർവേദ ഹോ സ്പിറ്റലിന്റെ നിലവാരം ഉയർത്തുന്നു

സഞ്ജീവനം ആയുർവേദ ആശുപത്രിയുടെ വളർച്ചയ്ക് ചുക്കാൻ പിടിക്കുന്നത് AV അനൂ പും അദ്ധേഹത്തിന്റെ ബിസിനസ് ഗ്രൂപ് ആയ AVA യും ആണ്

AVA Groupന്റെ ദർശനപരമായ നേതൃ ത്വത്തിന്റെ പ്രതീകമാണ് AV Anoop. ആരോഗ്യം ഒരു സേവനമെന്നതിലുപരി ഒരു ഉത്തര വാദിത്തമാണെന്ന നിലപാടോടെ, സഞ്ജീവനം ആയുർവേദ ആശുപത്രിയെ വിശ്വാസ ത്തിന്റെ യും ഫലപ്രാപ്തിയുടെയും ഒരു ശക്തമായ ബ്രാൻഡായി രൂപപ്പെടുത്തുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിക്കുന്നു.

രോഗികേന്ദ്രിതമായ സമീപനം, അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവനങ്ങൾ, ഗുണ നിലവാരത്തിലേക്കുള്ള കർശന ശ്രദ്ധ എന്നിവ AV Anoop ന്റെ നേതൃത്വത്തിന്റെ മുഖ മുദ്രകളാണ്. അദ്ദേഹത്തിന്റെ ദൂരദർശിത്വവും ബ്രാൻഡ്-ബിൽഡിംഗ് കാഴ്ചപ്പാടും സഞ്ജീ വനത്തെ ദേശത്തെയും വിദേശത്തെയും രോഗികൾ തിരഞ്ഞെടുത്ത ഒരു വിശ്വസനീയ ആയുർവേദ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.









THANKS & REGARDS

CLINT MARCELINE

MANAGER MARKETING & RESERVATIONS


SANJEEVANAM AYURVEDA HOSPITAL - KOCHI, KERALA


M: +91 6238901326


T:+91 484 2845000

HEARTFELT CONDOLENCES TO SHRI MOHANLAL (AND FAMILY) ON THE DEMISE OF HIS "BELOVED MOTHER" SMT. SANTHAKUMARI









For additional details regarding enrollment, jobs, or general inquiries, please get in touch with Abylash J. George at 201-707-7895.

Eastwick College

RANKED AMONG

Top 100

Colleges in the U.S.[1]

Best Value (ROI)

[1] Based on a study by Georgetown University using data from two-ye-year colleges across the nation

- NO REGISTRATION FEE
- HYBRID BSN CLASSES
- FINANCIAL AID AVAILABLE[2]
- FREE BOOKS AND LAPTOP[3]
- FREE TEAS TESTING[3]
- ACCELERATED DEGREES

[1] Financial aid is available to those who quality
[2] Applicants to the TEAS nursing class must complete nd an entrance examination
[3] Associate and Technical Track programs are exclusively offered at Eastwick College

Eastwick College PRIMDO ROMAGE eastwick.edu 1-866-EASTWICK

Physical therapy
WEST NYACK SPORTS MEDICINE

PHYSIATRIST AVAILABLE

WE BELIEVE IN TREATMENT THROUGH A COMPREHENSIVE APPROACH
by using the least amount of medication to get you better

SAJAN AUGUSTINE P.T.

TYPES OF THERAPY WE PROVIDE

NO MORE PAIN

- Pain Management
- Knee Pain
- Back Pain
- Neck Pain
- Shoulder Pain
- Orthopedic
- Rehabilitation
- Physiatry
- Sports Injuries

PAIN MANAGEMENT

SPORTS INJURIES

WE ACCEPT
MEDICARE, MEDICAID & ALL OTHER MAJOR INSURANCES

CALL FOR APPOINTMENT
(845) 358-0019
369 SOUTH MAIN ST, NEWCITY, NY 10956, US

SELLING YOUR **HOUSE?** OR BUYING A **NEW HOME?**





Serving New York Specialized in Queens & Nassau Counties



Mathew Thomas
ബാബു ചക്കുങ്കൽ
(Licensed Real Estate Broker)
Notary Public

Cell : 917.539.1652
Office : 718.831.0100
Fax : 718.831.0170

"For a Better Lifestyle"

CROSS ISLAND REALTY ONE, INC.
250-14A, Hillside Avenue, Bellerose, New York 11426
Email: crossislandrealtymathew@yahoo.com

• RESIDENTIAL • RENTALS • COMMERCIAL SALES

The Finest in Indian Cuisine

SPICE VILLAGE

Rated "Excellent" ZAGAT SURVEY 2010/11

Find us on: Facebook



FREE DELIVERY (Call fo min. requirement)
Take - Out Available

GIFT CERTIFICATES AVAILABLE

ALL-YOU-CAN-EAT LUNCH BUFFET $10.95 MONDAY-FRIDAY
$15.95 SAT. & SUN. 7 DAYS. 12PM-2.30PM ONLY

SPICE VILLAGE

8 Columbus Ave. Tuckahoe . (914) 779-5400
(914) 340-8415 . Spicevillageny.com

Open 7 Days (Closed daily 2:30pm-5pm) . Buffet: Mon-Sun. Noon: 2.30pm . Extended Buffet Sat & S
Lunch: Mon-Sun. Noon-2.30pm. Dinner: Sun-Thurs 5-10pm Fri & Sat 5-10.30pm

Indoor & Ourdoor Catering Services

NOW TAKE OUT ONLY

Sattara
AUTHENTIC INDIAN RESTAURANT



KAPPA BIRIYANI (Ellum Kappa)

നാടൻ കപ്പ ബിരിയാണി

Explore the Rich Flavors of
Tandoori Cuisine



TODAY SPECIAL MENU

Kappa Biriyani	
Chicken Dum Biriyani [Thalassery Special]	Chicken Roast
Thattukada Chicken Fry	Beef Fry
Chicken Curry	Beef Curry
Tandoori Chicken	Fish Tawa Fry
Chicken Malai Kebab	Fish Curry
Chicken Tikka	Kappa
Chicken Hariyali Kebab	Paratha
Tandoori Mix Kebab	Chapati
Chilli Chicken	Naan

Snacks also Available

OPENING HOURS: Every Day 11.30am to 9pm

We Accept Pre-Orders

551-346-5993 | 551 221-3753

209 W Route 59, Nanuet, New York 10954

NO
• Artificial Flavours
• Preservatives
• Added Colors

National Life Group®

Experience Life®

Aflac®





SHIRLEY JOHN, PT PhD

LICENSED INSURANCE AGENT FOR LIFE, HEALTH AND ANNUITIES – (NY, NJ, FL, GA, NC, MD, DE)

914-255-6155 (Call/Text)
SHIRLEYJOHNPFA@GMAIL.COM

Free Consultation

NLG - For all your Life, Annuity, and IRA needs.

- Tax Free Retirement
- Life Insurance with Full Living Benefits
- College Funds with No Penalties
- Mortgage Protection
- Income Replacement
- Interest Free Loans

Aflac – For your company's supplemental insurance needs (including disability)

GLOBAL COLLISION
& BODY WORKS LLC

AUTO BODY SERVICES

- Painting & Auto Body Work
- Wet Sanding & Detailing
- ADAS Calibration
- Windshield & Glass Replacement
- Towing Services



Electric & Hybrid Vehicle Auto Body and Collision Experts

Sensor and Radar Systems Experts

Complete Restoration Services Offered



CONTACT US 845- 727-4022

333 Rte 9W, Congers, NY 10920

Mon - Fri 9:00 AM - 6 PM
Sat 9:00 AM - 1:00 PM
Sun Closed

ISSUE 04, DECEMBER, 2025

KERALA TIMES

കേരളാ ടൈംസ്

MAGAZINE



ADDRESS:
G19, Ground floor,
Pioneer Tower,
Shanmugam Road,
Kochi-31, Kerala, India

news@keralatimes.com
www.keralatimes.com